2018 September / VOL 1 / ISSUE 8 / PAGES 8 / PRICE ₹4:00

# ഫുട്സ്റ്റെപ്സ്

AN EXCLUSIVE EDUCATIONAL NEWSPAPER

www.footstepsonline.in

# പ്രളയകാലത്തും ജ്വലിക്കുന്ന അണയാത്ത സ്നേഹദീപങ്ങൾ

## പ്ലസ് വൺ വിദ്യാർഥിനിയും സഹോദരനും കൂടി നൽകിയത് 50 ലക്ഷത്തിന്റെ ഭൂമി.

കണ്ണൂർ ജില്ലയിലെ പയ്യന്നൂരിനടുത്ത കങ്കാളി ഷേണായി സ്മാരക ഗവ:ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് വൺ വിദ്യാർഥിനി വി.എസ്. സ്വാഹയും സഹോദരൻ ഒൻപതാം ക്ലാസ്സ് വിദ്യാർഥി ബ്രഹ്മയും ചേർന്ന് തങ്ങളുടെ പേരിൽ ലഭിച്ച വസ്തുവിൽ നിന്നും ഒരേക്കർ ഭൂമി പ്രളയ ബാധിതർക്കു വേണ്ടി നൽകാൻ തീരുമാനിച്ചു. ഇതിന് ഏകദേശം 50 ലക്ഷം രൂപ വിലവരുന്നതാണ്. പ്രളയക്കെടുതികൾ കണ്ടപ്പോൾ മനസ്സിലുണ്ടായ സഹാനുഭൂതിയാണ് ഇത്തരമൊരു തീരുമാനമെടുക്കാൻ അവരെ പ്രേരിപ്പിച്ചത്. പ്രളയ ദുരന്ത നിവാരണത്തിനുവേണ്ടിയുള്ള സംഭാവനകളിൽ വിദ്യാർഥികളുടെ ഭാഗത്തുനിന്നുള്ള ഏറ്റവും വലിയ വ്യക്തിഗത വാഗ്ദാനമാണിത്.

മാവിച്ചേരി സ്വർഗം ഹൗസിൽ എം.ശങ്കരൻ- വിധുബാല ദമ്പതികളാണ് ഇവരുടെ മാതാപിതാക്കൾ. വീട്ടുപേരു സൂചിപ്പിക്കുന്നതുപോലെ സ്വർഗത്തിലെ അനുഭവം തന്നെ ജീവിതത്തിലൂടെ ഇവർ കാണിച്ചുതന്നു. പങ്കുവയ്ക്കലിന്റെ മഹത്വം എത്രമാത്രം മൂല്യമേറിയതാണെന്ന് പ്രവൃത്തിയിലൂടെ തെളിയിച്ച ഇവരുടെ മാതൃക എല്ലാ വിദ്യാർഥികൾക്കും പ്രചോദനമാണ്.



## നന്മയുടെ പൂമൊട്ടുകൾ

ഈ പെൺകുട്ടിയുടെ പേര് അനുപ്രിയ എന്നാണ്. താമസിക്കുന്നത് ചെന്നൈ വില്ലുപുരം ശിവറാം നഗറിൽ.



കഴിഞ്ഞ മൂന്നുനാലുവർഷങ്ങളായി ഒരു സ്വപ്നവുമായിട്ടാണ് അവർ വളർന്നത്. സ്വന്തമായി ഒരു സൈക്കിൾ വാങ്ങണം. അതും സ്വന്തം സമ്പാദ്യത്തിൽ നിന്നുവേണം. അതുകൊണ്ട് ചോക്കലേറ്റും ഐസ്ക്രീമുമൊക്കെ വാങ്ങാൻ പലപ്പോഴായി സ്വരുക്കൂട്ടിവച്ച തുക എണ്ണി നോക്കിയപ്പോൾ 8,846 രൂപയുണ്ടായിരുന്നു. കേരളത്തിലെ പ്രളയദുരന്തത്തിന്റെ വാർത്ത കേട്ടപ്പോൾ നാളുകളായുണ്ടായിരുന്ന അവളുടെ സ്വപ്നം മാറ്റിവച്ചു. ആ തുക കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്കു നൽകി. ചിലരിൽ നന്മയുടെ പൂമൊട്ടുകൾ വിരിയുന്നത് ഇങ്ങനെയാണ്.



ഹൃദയം നിറഞ്ഞുള്ള ഇത്തരം ത്യാഗപ്രവൃത്തികൾ സമൂഹത്തിലുണ്ടാക്കുന്ന പ്രതികരണങ്ങൾ വളരെ വലുതായിരിക്കും. ചിലപ്പോൾ അപ്പോൾ തന്നെ അതിനു പ്രതിഫലവും ലഭിക്കും. ഈ വിവരമറിഞ്ഞ ഹീറോസൈക്കിൾസ് ഒരു പുതിയ സൈക്കിൾ അനുപ്രിയക്കു കൈമാറി. മാത്രമല്ല, ഇനി ആഘോഷിക്കുന്ന എല്ലാ ജന്മദിനത്തിലും ഓരോ പുതിയ സൈക്കിൾ നൽകുമെന്ന് കമ്പനി അറിയിക്കുകയും ചെയ്തു.

******

## സഹായിക്കാൻ പല വഴികൾ

ദുരിതാശ്വാസ ക്യാംപുകളിൽ പലപ്പോഴും ആവശ്യത്തിനു ഭക്ഷണമോ, വസ്ത്രങ്ങളോ, ഒന്നും ചിലയിടങ്ങളിൽ ഇല്ലാത്ത അവസരങ്ങളുായിരുന്നു. തിരുവനന്തപുരം ഗവ: എസ്.എം.വി. സ്കൂളിലെ ക്യാംപിലും ചില വസ്തുക്കൾ തികയാത്ത അവസ്ഥയുണ്ടായി. ചില വിദ്യാർഥികൾ ഇതിനൊരു പരിഹാരം കണ്ടു. ക്യാംപിലേക്ക് ആവശ്യമായ വസ്തുക്കളുടെ പേരുകൾ എഴുതിയ പ്ലക്കാർഡുമായി സന്നദ്ധപ്രവർത്തകരായ വിദ്യാർഥിനീവിദ്യാർഥികൾ റോഡിലിറങ്ങി നിന്നു. യാത്രക്കാർ ഇതുകണ്ട് ഭക്ഷണം, പാൽപൊടി, നാപ്കിൻസ്, പഞ്ചസാര തുടങ്ങിയ സാധനങ്ങൾ ക്യാംപിലെത്തിച്ചുകൊണ്ടിരുന്നു. നിർണായകഘട്ടങ്ങളിൽ മേലധികാരികാരികളിൽ നിന്നുള്ള ഉത്തരവ് വരുന്നതു




മാത്രം നോക്കിയിരിക്കാതെ സ്വന്തമായ ചില തീരുമാനങ്ങളെടുക്കേണ്ടിവരും. ഓരോ സാഹചര്യത്തിന്നനുസരിച്ച് പ്രായോഗിക വശങ്ങൾ കണ്ടെത്തി മുന്നിട്ടിറങ്ങുന്നത് വ്യക്തിത്വത്തിന്റെ വളർച്ചയാണ്.

*******



# പ്രളയാനന്തര ചിന്തകൾ

പ്രകൃതി മനുഷ്യന്റെ വരുതിയിൽ നിൽക്കുന്നതല്ലെന്ന് പ്രളയാനന്തര ചിന്തകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. പ്രകൃതിയോടു ചേർന്നു പോകുന്നവിധം വികസന മാതൃകകൾ നാം സൃഷ്ടിക്കേണ്ടതുണ്ട്. കേരളത്തിന്റ പുനരുദ്ധാരണത്തിൽ നവീനാശയങ്ങൾ സ്വാധീനം ചെലുത്തുമെന്നു വിശ്വസിക്കാം.

കുട്ടനാടുപോലെ ഭൂപ്രകൃതിയുള്ള രാജ്യമാണ് നെതർലൻഡ്സ്. ആ രാജ്യത്തെ നിർമാണ പ്രവർത്തനങ്ങൾ ഭൂപ്രകൃതിക്ക് ഇണങ്ങിയ രീതിയിലാണ്. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ജലത്തിനുമീതെ ഭവനങ്ങൾ ഉയർന്നു നിൽക്കുന്നതരം നിർമിതി അവിടെയുണ്ട്. ഭൂകമ്പരാജ്യമായ ജപ്പാനിൽ അതിനെ ചെറുത്ത് നില്ക്കാനും നാശനഷ്ടങ്ങൾ അധികം വരാത്തതുമായ നിർമാണശൈലിയാണുള്ളത്.

പ്രകൃത്യാ തന്നെ അതീവ ലോലപ്രദേശങ്ങൾ ഉള്ള കേരളത്തിൽ ഇതൊന്നും ചിന്തിക്കാതെയുള്ള നിർമാണ ശൈലിയാണ് നിലനിൽക്കുന്നത്. പുതിയ സാഹചര്യത്തിൽ അനുയോജ്യമായ രീതികൾ കേരളീയർ പിന്തുടരട്ടെ. സമൂഹമൊന്നാകെ സാരമായ ശൈലീവ്യതിയാനം സാംസ്കാരിക തലത്തിൽ തന്നെ സംഭവിക്കാനിടയാകും. പ്രകൃതിയെ ചൂഷണം ചെയ്യുന്ന സ്വഭാവ ശൈലി മാറ്റി അതിനോടു ചേർന്നു പോകുന്ന രീതി വളർത്തിയെടുക്കുമ്പോൾ യാതൊരു കുറ്റബോധവുമില്ലാതെ മനുഷ്യനു മുന്നോട്ടു ജീവിതം നയിക്കാം.

ഇത്തരം മാറ്റങ്ങൾ തൊഴിൽ മേഖലയെ വളരെ സ്വാധീനിക്കും. അത് കോഴ്സുകളുടെ തെരഞ്ഞെടുപ്പിനു നമ്മെ പ്രേരിപ്പിക്കും. ജീവിതത്തെയാകെ മാറ്റിമറിക്കുന്ന ഒരു ദശാസന്ധിയിലൂടെയാണു നാം കടന്നുപോകുന്നതെന്നു ചുരുക്കമായി പറയാം. വിദ്യാഭ്യാസത്തെ ദൂരക്കാഴ്ചയോടെ സമീപിക്കേണ്ട ആവശ്യകത അതു വ്യക്തമാക്കുന്നു. പ്രളയത്തിനുശേഷമുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അനേകം വിദ്യാർഥികൾ ഭാഗഭാക്കായി എന്നത് പ്രത്യാശ ജനിപ്പിക്കുന്നു. പ്രവർത്തിക്കാനുള്ള വേദി കിട്ടുമ്പോൾ അതിനോട് ആത്മാർഥമായി സഹകരിക്കാൻ വിദ്യാർഥികൾക്ക് കഴിയുന്നു. അത് അവരുടെ മാനസിക, ധാർമിക പക്വതയെ ത്വരിതപ്പെടുത്തുന്നുണ്ട്.

പൊതുവേ നമ്മുടെ സിലബസ്സിൽ ഈ സാഹചര്യം കുറവായിരിക്കുന്നതിനാലാവണം വിർചൽ ലോകത്തു വിഹരിക്കുന്നവരായി മാത്രം കുട്ടികളെ പലപ്പോഴും പഴിക്കേണ്ടി വരുന്നത്. അവരെ നടക്കാൻ നാം പഠിപ്പിക്കും. എന്നാൽ പാതകൾ ഒരുക്കിക്കൊടുക്കുകയുമില്ല. പഠനമേഖലയിലെ ഇത്തരം സമ്പ്രദായങ്ങളെ പൊളിച്ചടുക്കാനും നവമായ രൂപകൽപനയിൽ പുനർസൃഷ്ടിക്കാനും കഴിയട്ടെ എന്നാശംസിക്കുന്നു.

## മന:സാക്ഷിയുള്ളവർക്ക് അടങ്ങിയിരിക്കാനാവില്ല.

ഒരു നാട് പ്രളയദുരന്തത്തിൽപെട്ടു കിടക്കുമ്പോൾ മന:സാക്ഷിയുള്ള ആർക്കും അടങ്ങിയിരിക്കാനാവില്ല. ചെന്നൈ മറീന ബീച്ചിൽ ഏതാനും വിദ്യാർഥിനികൾ 'സേവ് കേരള' എന്ന പ്ലക്കാർഡും പിടിച്ചുകൊണ്ട് സന്ദർശകരുടെ അടുക്കൽ നിന്നും സംഭാവന സ്വീകരിച്ചു. വേണമെങ്കിൽ മറ്റുള്ളവരെപ്പോലെ ബീച്ചിൽ അവർക്ക് തമാശ പറഞ്ഞു രസിച്ചു നടക്കാമായിരുന്നു. ശ്ലാഘനീയമായ അനേകം പ്രവർത്തനങ്ങൾ പലയിടങ്ങളിലും കുട്ടികളുടെ ഭാഗത്തുനിന്നുണ്ടായി എന്നത് ഭാവിയെക്കുറിച്ച് പ്രത്യാശ നൽകുന്ന കാര്യമാണ്.

## ആ 'THANKS' അത്ര ചെറുതായിരുന്നില്ല.

പ്രളയ ദുരന്തത്തിൽ സേനയുടെ ഹെലികോപ്റ്ററുകൾ ധാരാളം പേരെ രക്ഷപെടുത്തി. വീടിന്റെ ടെറസിലും രണ്ടാം നിലയിലുമൊക്കെ കുടുങ്ങിക്കിടക്കുന്നവർ എയർലിഫ്റ്റ് ഇല്ലായിരുന്നുവെങ്കിൽ രക്ഷപെടാൻ വിരളമായ സാധ്യതയാണുണ്ടായിരുന്നത്. പലപ്പോഴും വളരെ സാഹസികമായിട്ടായിരുന്നു എയർലിഫ്റ്റിങ് നടത്തിയിരുന്നത്. പ്രസവവേദന തുടങ്ങിയ ഗർഭിണി മുതൽ പടുവൃദ്ധരായവർവരെ ഇങ്ങനെ രക്ഷ നേടി.

സൈനികരോടു നേരിട്ടു നന്ദി പറയാൻ കഴിയാത്ത അവസ്ഥയായിരുന്നതിനാൽ ഒരു യുവാവ് കണ്ടെത്തിയ മാർഗം ഇതാണ്: തന്റെ വീടിന്റെ ടെറസ്സിന്റെ മുകളിൽ ഇംഗ്ലീഷിൽ 'താങ്ക്സ്' എന്നെഴുതി വച്ചു. തന്റെ അച്ഛന്റെ വെള്ള ഡബിൾമുണ്ട് കീറിയാണ് ഈ അക്ഷരങ്ങൾ കൂട്ടിച്ചേർത്തത്. ഏതായാലും മുകളിലൂടെ കടന്നുപോയ ഹെലികോപ്റ്ററിലെ സൈനികർ അതു കാണുകയും സമൂഹ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുകയും ചെയ്തു. ഉപകാരം ചെയ്തു തന്നാലും നന്ദി പറയുകയെന്നത് പാശ്ചാത്യരെ അപേക്ഷിച്ച് മലയാളിയുടെ പൊതുസ്വഭാവത്തിൽ കുറവാണ്. ധനപാലൻ എന്ന യുവാവിന്റെ ഈ പ്രവർത്തനം മികച്ച പ്രതികരണമാണ് ഉളവാക്കിയത്.

## ഇലക്ട്രോണിക് ഉപകരണങ്ങൾക്കു കേടുണ്ടോ?.

പ്രളയജലം വീടുകളിൽ കയറിയപ്പോൾ മിക്കവരുടെയും ഇലക്ട്രോണിക് ഉപകരണങ്ങൾ തകരാറിലായി. അവ നന്നാക്കിയെടുക്കുക വളരെ എളുപ്പമല്ല. എന്നാൽ ഈ ദൗത്യമേറ്റെടുക്കാൻ ഒരു കൂട്ടം വിദ്യാർഥികൾ തീരുമാനിച്ചിരിക്കുകയാണ്. തൃശ്ശൂർ എൻജിനീയറിങ് കോളേജിലെ വിദ്യാർഥികളാണ് അധ്യാപകരോടൊത്തുചേർന്നുകൊണ്ട് ഈ പ്രവർത്തനത്തിനു തയ്യാറായിരിക്കുന്നത്. തൃശൂർ കോർപറേഷന്റെ പരിധിയിലുള്ള പ്രദേശം കേന്ദ്രീകരിച്ചാണ് ഇവരുടെ ദൗത്യ നിർവഹണം.

### മാത്തമാജിക്

*- പി. എൻ. റാവു*

അച്ഛന്റെ ഇപ്പോഴത്തെ വയസ്സ് മകന്റെ വയസ്സിന്റെ 5 ഇരട്ടിയാണ്. 30 വർഷത്തിനുശേഷം മകന്റെ വയസ്സിന്റെ ഇരട്ടിയായിരിക്കും അച്ഛന്റെ വയസ്സ്. എന്നാൽ ഇപ്പോൾ മകന്റെ വയസ്സ് എത്ര? അച്ഛന്റെ വയസ്സ് എത്ര?

ഉത്തരം:
10 - മകന്റെ വയസ്സ്
50 - അച്ഛന്റെ വയസ്സ്


വിദേശ സർവകലാശാല
ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ
മലേഷ്യൻ യൂണിവേഴ്സിറ്റി ആയ IPD - OUM, Malaysia യുടെ ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് ചെയ്യുവാൻ അവസരം
SSLC / + 2 യോഗ്യതയുള്ളവർക്ക് ഉതകുന്ന കോഴ്സുകൾ
വിദേശത്ത് Internship / Placement
* 1 വർഷം പഠനം
* 1 വർഷം പരിശീലനം
PART TIME JOB
9400 69 69 69, 9400 92 92 92


# വർധിച്ചു വരുന്ന റോഡപകടങ്ങൾ

*അശോക് അബ്രഹാം.*



ദിനംതോറും പത്രങ്ങൾ നമ്മളെ തേടി വരുന്നത് കൂടുതലായും നല്ല വാർത്തകളുമായല്ല. ആ വാർത്തകളിൽ തന്നെ ഏറ്റവുമധികം റോഡപകടങ്ങളായിരിക്കും. വർധിച്ചുവരുന്ന ഈ അപകടങ്ങൾ കാണുമ്പോൾ നമ്മെ വിഷമിപ്പിക്കുന്നതിനു പകരം ഒരു നിസ്സംഗതയിലേക്കു കൊണ്ടുപോകുകയില്ലേ എന്ന് പലപ്പോഴും എനിക്ക് തോന്നിയിട്ടുണ്ട്. പോലീസ് റിപ്പോർട്ട് അനുസരിച്ച് ഓരോ വർഷവും നഷ്ടപ്പെടുന്ന വിലയേറിയ ജീവിതങ്ങൾ ആയിരക്കണക്കിനാണ്. ഇതിൽ ഇരുചക്രവാഹനങ്ങളാണ് ഏറ്റവും അധികം അപകടത്തിലാകുന്നതും യാത്രാക്കാരുടെ ജീവൻ നഷ്ടപ്പെടുത്തുന്നതും എന്നത് ചിന്തിക്കേണ്ട വിഷയമാണ്.



വാഹനം ഓടിക്കുന്നവരുടെ അശ്രദ്ധ, മാനസികാവസ്ഥ, റോഡിന്റെ അവസ്ഥ, ഗതാഗതനിയന്ത്രണത്തിലെ അപാകതകൾ, വാഹനത്തിന്റെ വേഗത, വാഹനത്തിന്റെ പഴക്കം, ഇതിനുപരി ട്രാഫിക് നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിലെ അനാസ്ഥ, ഇവയെല്ലാം അപകടം വരുത്തി വയ്ക്കാനുള്ള ചില കാരണങ്ങളാണ്. അതിനാൽ തന്നെ വാഹനം ഓടിക്കുവാൻ പഠിപ്പിച്ചാൽ മാത്രം പോരാ, അത് സുരക്ഷിതമായി ഉപയോഗിക്കുവാനുള്ള ബോധവത്കരണം കൂടി അത്യന്താപേക്ഷിതമാണ്. ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുന്നതിൽ നാം പൊതുവേ അശ്രദ്ധരാണ്. നിയമം നടപ്പിലാക്കുമ്പോൾ മാത്രമേ നിയമത്തിന് വിലയുണ്ടാകുകയുള്ളൂ. ജനം അതിനെ ബഹുമാനിക്കുകയും, നിയമമനുസരിച്ച് പെരുമാറുന്നതും അപ്പോൾ മാത്രമാണ്. പാശ്ചാത്യലോകം നമുക്ക് ഇതിനൊരു മാതൃകയാണ്. പണ്ടത്തേക്കാളും ഇന്നത്തെ വിദ്യാർഥികളിൽ ബഹുഭൂരിപക്ഷവും ഇരുചക്രവാഹനം പല ശ്രേണിയിലുള്ളവർ ഉപയോഗിക്കുന്നു. പലപ്പോഴും ബോധവത്കരണം ഇവർക്ക് ലഭിക്കുന്നില്ല എന്നു തന്നെ പറയണം. ഒരു വാഹനം മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് വാങ്ങി കൊടുക്കുമ്പോൾ ഈ കാര്യങ്ങൾ ഓർത്താൽ, മക്കളെ വാഹനം സുരക്ഷിതമായി ഉപയോഗിക്കുവാൻ നിർബന്ധിച്ചാൽ ഒരു പരിധി വരെ നമുക്ക് വിലയേറിയ ജീവിതങ്ങൾ നഷ്ടപ്പെടുന്നത് പതുക്കെ പതുക്കെ കുറച്ചുകൊണ്ടു വരുവാൻ കഴിയും, കഴിയണം.

# 1924 ലെ (കൊല്ലവർഷം 1099) വെള്ളപ്പൊക്കത്തിന്റെ ചില ഏടുകൾ

**1924** – ലെ മഹാപ്രളയത്തിനുശേഷം ഇപ്പോഴാണ് കേരളത്തിൽ മറ്റൊരു മഹാപ്രളയമുണ്ടാകുന്നത്. അന്ന് മൂന്നാർ ടൗണും റെയിൽവേയും നശിക്കുകയുണ്ടായി. മാത്രമല്ല, കേരളത്തിന്റെ എല്ലാ മേഖലകളെയും തകർത്തെറിഞ്ഞുകൊണ്ടാണ് ആ പ്രളയമവസാനിച്ചത്. അന്നത്തെ വാർത്തകൾ വായിക്കുമ്പോൾ ഇന്നത്തേതുമായി അതിനുള്ള വലിയ സാമ്യം നമ്മെ അത്ഭുതപ്പെടുത്തും. ഉദാഹരണമായി ഏറ്റവും കൂടുതൽ പ്രളയദുരന്തമുണ്ടായ ചെങ്ങന്നൂർ, പറവൂർ തുടങ്ങിയ സ്ഥലങ്ങളിലെ ദുരന്തത്തിന്റെ റിപ്പോർട്ട് വായിച്ചു നോക്കുക .(കടപ്പാട്:മലയാള മനോരമ)

**ചെങ്ങന്നൂർ**

3–12–99 ഇക്കഴിഞ്ഞ 1–നു കാലത്തേ തന്നെ പമ്പാ നദി കരകവിഞ്ഞു തീരപ്രദേശങ്ങളെ ആക്രമിച്ചു തുടങ്ങി. ഉച്ച തിരിഞ്ഞപ്പോഴേക്കും ദേശത്തിന്റെ നാനാ ഭാഗങ്ങളും, മെയിൻറോഡും വെള്ളത്താൽ മൂടപ്പെട്ടു. പമ്പാനദിയിലേക്കു ഒന്നു നോക്കിയാൽ കാണുന്ന കാഴ്ച വർണിക്കാൻ അനന്തനാലും കഴിയുന്നതല്ല. ഭീമമായ പുരകൾ, തടികൾ, ആന, കടുവ, ആടുമാടുകൾ തുടങ്ങിയ മൃഗങ്ങൾ, മനുഷ്യശവങ്ങൾ മുതലായവ ഒഴുകിപ്പോകുന്ന കാഴ്ച 'കണ്ടാലാരും കരയുമലിയും കല്ലിനൊത്തൊരു ഹൃത്തും' എന്നു പറഞ്ഞവസാനിപ്പിക്കാനല്ലാതെ നിർവാഹമില്ല. ഇവിടെ കച്ചേരി, ചന്ത, എന്നിവയുടെ തെക്കും കിഴക്കും ഒന്നൊന്നര മൈൽ അകലം ഒഴിച്ചു മറ്റെല്ലാ ഭാഗങ്ങളും വെള്ളത്തിനടിയിൽ തന്നെയാണ്. ചന്തയുടെ തെക്കോട്ട് ഒരു മൈൽ മെയിൻറോഡിൽ സഞ്ചരിക്കാം. പടിഞ്ഞാറുഭാഗം മുതൽ വടക്കോട്ടു നെടുകേ കരയ്ക്കും വള്ളത്തിലും വഹിക്കാത്ത മട്ടിൽ കിടക്കയാണ്. മംഗലം, ഇടനാട്, വന്മഴി, പാണ്ടനാട്, ബുധനൂർ, തിരുവൻവണ്ടൂർ,പ്രയാർ,മഴുക്കീർ മുതലായ



താഴ്ന്ന പ്രദേശങ്ങളിൽ എന്നല്ല, മുൻകാവ്, കീഴ്ച്ചേരി അങ്ങാടി, മുളക്കുഴ, മുതലായ ഉയർന്ന പ്രദേശങ്ങളിലും പുത്തൻകാവ്, മുണ്ടാംകാവ്, പെരിശ്ശേരി ഈ കമ്പോളങ്ങളിലും ഉള്ള ആളുകൾ വാസസ്ഥലങ്ങളും വസ്തുവകകളും ഉപേക്ഷിച്ച് ശാസ്താപ്രം, ചന്ത, കച്ചേരി, പുത്തൻകാവ്,ചെങ്ങന്നൂർ,കല്ലിശ്ശേരി,പെരിശ്ശേരി ഈ പള്ളികൾ, പുലിയൂർ, ഓതറ മുതലായ കുന്നുകൾ ഇവയിൽ അഭയം പ്രാപിച്ചിരിക്കുകയാണ്. 32–ാം നു മുതൽ പട്ടിണിയിൽ കഴിച്ചുകൂട്ടി ഇന്നലെയും ഇന്നുമായി വള്ളംവഴി ഇവിടെ ചന്തയിലും കച്ചേരിയിലും മറ്റുമായി വന്നുചേർന്നിരിക്കുന്ന മൃതപ്രായൻമാരായ അഭയാർഥികളുടെ സ്ഥിതി എത്ര മാത്രം ദയനീയമായിരിക്കുന്നു എന്നു പറഞ്ഞറിയിക്കാൻ പ്രയാസം.

**പറവൂർ**

ഇവിടത്തെ വലിയങ്ങാടിയിലും ബ്രാഹ്മണരുടെ അധിവാസ സ്ഥലമായ മഠത്തുംമുറിയിലും മലവെള്ളം കയറിയതായി കേട്ടുകേൾവിപോലും ഇല്ല. ഇപ്പോഴത്തെ വെള്ളം അവിടങ്ങളിലും കയറുകയും, ബ്രാഹ്മണർ കൂട്ടത്തോടെ അഭയാർഥം പൊക്കപ്രദേശങ്ങളിലേക്ക് ഓടുകയും ചെയ്തു. വടക്കേക്കര, വരാപ്പുഴ മുതലായ താണപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന മിക്ക കെട്ടിടങ്ങളും ജലപ്രവാഹത്താൽ വീണുപോയിരിക്കുന്നു. ഒഴുക്കിന്റെ ശക്തി നിമിത്തം അനേകം വള്ളങ്ങൾ മുങ്ങിപ്പോകുകയും പ്രാണരക്ഷാർഥം വള്ളങ്ങളിൽ സഞ്ചരിച്ച പലരും അകാല മരണം പ്രാപിക്കുകയും ചെയ്തു. ആലങ്ങാട്, പറവൂർ എന്നീ പ്രദേശങ്ങളിൽ തീരെ മുങ്ങാത്തതായി ആലുവ യൂണിയൻ ക്രിസ്ത്യൻ കോളെജും പറവൂരെ ചില പബ്ളിക് ആപ്പീസുകളും മാത്രമേയുള്ളൂ. പ്രസ്തുത കോളെജും, പറവൂരെ ഡിസ്ട്രിക് കോടതി, മുൻസിപ്പു കോടതി, വിദ്യാലയങ്ങൾ, ഡിസ്ട്രിക് ആശുപത്രി ആദിയായ സ്ഥാപനങ്ങളും വെള്ളപ്പൊക്കം നിമിത്തം ഭവനരഹിതരായിത്തീർന്നിട്ടുള്ള ജനസഞ്ചയത്തിനു താമസിക്കുന്നതിനായി വിട്ടുകൊടുക്കപ്പെട്ടിരിക്കുന്നു.

# പ്രധാനപ്പെട്ട ചില മാനേജ്മെന്റ് കോഴ്സുകൾ

**എംബിഎ ഇൻ ഇന്റർ നാഷണൽ ബിസിനസ്സ് മാനേജ്മെന്റ്**

മൾട്ടിനാഷണൽ കമ്പനികളിലെ ആകർഷകമായ ജോലിക്ക് എംബിഎ ഇൻ ഇന്റർനാഷണൽ ബിസിനസ്സ് മാനേജ്മെന്റ് കോഴ്സ് ഏറെ സാധ്യത നൽകുന്നു. നിരവധി ഇന്ത്യൻ കമ്പനികളിലും രാജ്യാന്തര ബിസിനസ്സ് വിഭാഗങ്ങൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ബാങ്കുകൾ, കയറ്റുമതി സ്ഥാപനങ്ങൾ, ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, മൾട്ടിനാഷണൽ സ്ഥാപനങ്ങൾ, ട്രേഡിങ് സെന്ററുകൾ തുടങ്ങിയവയിലൊക്കെ അവസരങ്ങൾ ധാരാളമുണ്ട്. ഇന്റർനാഷണൽ ബിസിനസ്സ് മാനേജ്മെന്റിലെ പിജി പ്രോഗ്രാമിൽ ഇന്റർനാഷണൽ ഇക്കണോമിക്സ്, ഇന്റർനാഷണൽ ബാങ്കിങ്, ഇന്റർനാഷണൽ ട്രേഡ്, ഇന്റർനാഷണൽ ഫിനാൻസ്, വിദേശഭാഷാപഠനം, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ക്രോസ് കൾചറൽ മാനേജ്മെന്റ് തുടങ്ങിയവ ഉൾപ്പെടുന്നു.

**എംബിഎ ഇൻ എന്റർപ്രനുർഷിപ്**

സ്വന്തമായി ഒരു സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കാണ് ഈ കോഴ്സ് ഉപകാരപ്പെടുന്നത്. ഒരു ഉത്പന്നത്തിന്റെ വിപണി സാധ്യത, വിപണനം, പ്രമോഷൻ തുടങ്ങിയവയെല്ലാം എംബിഎ ഇൻ എന്റർപ്രനുർഷിപ് കോഴ്സിൽ പഠിക്കാവുന്നതാണ്. ഉത്പന്നവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ജനറൽ എംബിഎ ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ എംബിഎ ഇൻ എന്റർപ്രനുർഷിപ് ഉത്പന്നത്തെ അടിസ്ഥാനമാക്കുന്നു. ബിസിനസ്സ് പ്ലാൻ തയ്യാറാക്കൽ, സംരംഭകനെ കണ്ടെത്തൽ, മൂലധനം സ്വരൂപിക്കൽ, പ്രാരംഭമായി അനുഭവപ്പെടുന്ന പ്രതിസന്ധികളെ തരണം ചെയ്യൽ തുടങ്ങിയവയൊക്കെ ഈ കോഴ്സിന്റെ പരിധിയിൽ വരുന്നു. അഹമ്മദാബാദിലെ എന്റർപ്രനുർഷിപ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, ബിസിനസ്സ് എന്റർപ്രനുർഷിപ് ആൻഡ് മാനേജ്മെന്റ് എന്ന വിഷയത്തിൽ പിജി ഡിപ്ലോമ കോഴ്സ് നടത്തുന്നുണ്ട്. ഫാമിലി ബിസിനസ്സ് മാനേജ്മെന്റ്, അഗ്രിബിസിനസ്സ് മാനേജ്മെന്റ്, സർവീസസ് മാനേജ്മെന്റ് എന്നീ രംഗങ്ങളിൽ സ്പെഷലൈസ് ചെയ്യാനും അവസരമുണ്ട്.

**എംബിഎ ഇൻ ഹ്യൂമൻ റിസോഴ്സസ്**

ഒരു സ്ഥാപനത്തിലെ തൊഴിലാളികളെ തെരഞ്ഞെടുക്കുക, അവർക്കുവേണ്ട പരിശീലനം കൊടുക്കുക തുടങ്ങിയവയൊക്കെ ചെയ്യുന്നത് ഹ്യൂമൻ റിസോഴ്സസ് വിഭാഗമാണ്. ആശയവിനിമയ പാടവം, ആത്മവിശ്വാസം, ടീം സ്പിരിറ്റ്, അവതരണശേഷി തുടങ്ങിയവ കൈമുതലായവർക്ക് ഈ കോഴ്സ് അനുയോജ്യമാണ്. ബിസിനസ്സ് സിമുലേഷൻസ്, സാഹചര്യങ്ങളെ അപഗ്രഥിക്കൽ തുടങ്ങി പല കാര്യങ്ങളും ഹ്യൂമൻ റിസോഴ്സസിലുള്ള എംബിഎ യുടെ പ്രത്യേകതകളാണ്.

**ഫിനാൻസ് എംബിഎ**

ഫിനാൻസ് എംബിഎയ്ക്ക് സാധ്യതകൾ ഏറെയാണ്. കോർപറേറ്റ് ഫിനാൻസ്, ഇൻവെസ്റ്റ്മെന്റ് ബാങ്കിങ്, മർച്ചന്റ് ബാങ്കിങ്, ഡവലപ്മെൻറ് ബാങ്കിങ്, ഇക്വിറ്റി അനാലിസിസ്, സ്റ്റോക്ക് ബ്രോക്കിങ്, സെക്യൂരിറ്റീസ്, വെഞ്ചർ ക്യാപിറ്റൽ തുടങ്ങിയവ ഫിനാൻസ് എംബിഎയിലെ അടിസ്ഥാന മേഖലകളാണ്. പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സും ഷോർട്ട് ടേം സർട്ടിഫിക്കറ്റ് കോഴ്സുകളുമുണ്ട്. അനലിസ്റ്റ്, വെൽത്ത് മാനേജർ, ഇൻവെസ്റ്റ്മെന്റ് ബാങ്കർ തുടങ്ങിയ തസ്തികകൾ ഈ കോഴ്സ് കഴിഞ്ഞവർക്കു ലഭിക്കും.

*******




# FOOTSTEPS

Printed Published and Edited by Shibu Joseph Kottayil, Villa No.21, Dream Valley Villa, Thottilpeedika Road, Chevarambalam P.O, Chevayur, Calicut, Kerala – 673017. Printed at Redstar Printers and Publishers, 4/551, Joseph Road, Calicut, Kerala – 673032. Place of publication : Blessed Chavara Building, Chungam, West Hill P.O, Calicut, Kerala 673005.

**RNI Ref. No. 1308292, Title Code KERMAL 16130.**

**Footsteps - ലക്കം എട്ട്**

*പ്രിന്റർ, പബ്ലിഷർ & എഡിറ്റർ* : **ഷിബു ജോസഫ് കോട്ടായിൽ**
*ചീഫ് എഡിറ്റർ* : **സണ്ണി കോക്കാപ്പിള്ളിൽ 9446890744**
*എഡിറ്റോറിയൽ ബോർഡ്* : **സുധാകരൻ എം., എൻ.ജി. മേനോൻ, അനുരാധ ടി.കെ, കൃപകുമാർ, വിഷ്ണുപ്രിയ, ജോസ് ജോൺ**
*സർക്കുലേഷൻ മാനേജർ* : **ജോസ് ജോൺ പേരയിൽ 9400020022**
*സർക്കുലേഷൻ കോ-ഓർഡിനേറ്റർ* : **അശോക് അബ്രഹാം 8547038333**
*ലീഗൽ അഡൈ്വസർ* : **അഡ്വ. സെബാസ്റ്റ്യൻ സി.എച്ച്**
*ഡിസൈനർ* : **ആദിത്യ**

**വിലാസം :**

Footsteps, Bl. Chavara Building, Chungam, West Hill P.O., Kozhikode, Kerala 673005,
**Ph. 8078000111**
Email: footstepspublisher@gmail.com, **www. footstepsonline.in**

## എഡിറ്റോറിയൽ

കേരളത്തിന്റെ ചരിത്രത്തിൽ പ്രത്യേകം രേഖപ്പെടുത്തുന്ന വർഷമാണ് 2018 എന്ന് നമുക്കേവർക്കും അറിയാം. അതിഭീകരമായ പ്രളയജലത്തിൽ നാടിന്റെ വിവിധ ഭാഗങ്ങൾ മുങ്ങിപ്പോയ അവസ്ഥ മുതിർന്നവരുടെപോലും ഓർമകളിൽ ഇല്ലാത്തതാണ്. ഇതിനുമുൻപ് ഇത്തരമൊരു സംഭവമുായത് 1924 ലാണ് (കൊല്ലവർഷം 1099 കർക്കിടകം). ഇന്നത്തേതുപോലെ രക്ഷപ്പെടുത്താനുള്ള സംവിധാനങ്ങൾ അന്നില്ലായിരുന്നതിനാൽ ആയിരങ്ങൾ അന്നു മരണപ്പെടുകയുായി. മൂന്നാർ ടൗണും റെയിൽവേ സ്റ്റേഷനുമൊക്കെ അന്നത്തെ പ്രളയജലത്തിൽ ഒലിച്ചു പോയി. പിന്നീട് മൂന്നാറിൽ ടൗൺ വികസിതമായെങ്കിലും റെയിൽവേ പുനർജീവിപ്പിക്കാൻ ഇന്നുവരെ കഴിഞ്ഞില്ല.

ഈ പ്രളയദുരന്തം നമ്മോടു പറയുന്നതെന്താണ്? രണ്ടു കാര്യങ്ങൾ വിചിന്തനം ചെയ്യുന്നത് നന്നായിരിക്കുമെന്നു കരുതുന്നു. ഒന്നാമതായി, മലയാളി മനസ്സിലെ നന്മയെ പ്രവർത്തനപന്ഥാവിലേക്ക് തിരിച്ചുവിടാൻ പ്രളയം കാരണമായി. വീടിനു ചുറ്റും വെള്ളമുയർന്ന് രക്ഷനേടാൻ കൈനീട്ടുന്ന പതിനായിരങ്ങളെ സഹായിക്കാൻ നിരവധി സംവിധാനങ്ങൾ വളരെ പെട്ടെന്നു തന്നെ മുന്നോട്ടുവന്നു. ഒരു ജനതയൊട്ടാകെ ഇതിനുവേണ്ടി പോരാടിയെന്നു പറയാം. ചാനലുകളും സമൂഹമാധ്യമങ്ങളും തങ്ങളാൽ കഴിയുന്ന വിധം തോളോടുതോൾ ചേർന്നുവെന്നത് ആശാവഹമാണ്. 13 ലക്ഷത്തിലധികം പേരാണ് ദുരിതാശ്വാസ ക്യാംപിലെത്തിച്ചേർന്നത്. പിന്നീട് അവരുടെ ഭക്ഷണം, വസ്ത്രം, അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ തുടങ്ങിയ കാര്യങ്ങളിൽ ധാരാളം പേരുടെ പങ്കാളിത്തമുണ്ടായി. അനേകം വിദ്യാർഥികൾ ഏറ്റം ആത്മാർഥതയോടെ ഇതിനായി രംഗത്തിറങ്ങി. ഒരു പ്രശ്നമുണ്ടാകുമ്പോൾ നിരാശരാകാതെ സമൂഹമൊന്നാകെ അതിജീവനത്തിനുവേണ്ടി പരിശ്രമിക്കുമെന്ന് ഇതിനകം മലയാളികൾ തെളിയിച്ചു കഴിഞ്ഞു. രാഷ്ട്രീയമോ, മതമോ, വർഗമോ, ഒന്നും ഇതിനു തടസ്സമായില്ല. 'മാവേലി നാടുവാണീടും കാലം, മാനുഷരെല്ലാരുമൊന്നുപോലെ' എന്നത് പ്രശസ്തമായ ഓണപ്പാട്ടുകളിലൊന്നാണ്. അക്ഷരാർഥത്തിൽ തന്നെ അതു നടന്നുവെന്നത് സ്വാർഥതയ്ക്കും വിഭാഗീയതയ്ക്കും മുൻതൂക്കം കൊടുക്കുന്നവർക്ക് ഒരു പാഠമാണ്. രണ്ടാമതായി നാം ചിന്തിക്കേണ്ട കാര്യം, ഭൗതിക സംവിധാനങ്ങളൊന്നും ശാശ്വതമല്ലെന്നാണ്. കെട്ടിപ്പൊക്കിയ മണിമാളികകളോ, കോടികളുടെ വാഹനങ്ങളോ ഒന്നും രക്ഷ തരില്ലെന്ന് കാണാൻ കഴിഞ്ഞു. വൈദ്യുതി പോയിക്കഴിഞ്ഞാൽ പിന്നെന്തു വാർത്താവിനിമയ മാർഗങ്ങൾ? ചാർജു തീർന്നു കഴിഞ്ഞാൽ ഇവയൊന്നും ഉപയോഗപ്പെടില്ല. നാം വലുതെന്നു കരുതുന്നവ (ഇന്റർനെറ്റ്, സോഷ്യൽ മീഡിയ, ഫോൺ മുതലായവ) വൈദ്യുതിയില്ലെങ്കിൽ നിഷ്പ്രയോജനമാണെന്നു മറക്കരുത്. യന്ത്രബോട്ടുകൾക്കോ, ഹെലികോപ്റ്ററുകൾക്കോ പോലും രക്ഷിക്കാൻ കഴിയാത്ത അനേകായിരങ്ങൾ കുട്ടനാടിന്റെ ചിലഭാഗങ്ങളിലുണ്ടായിരുന്നു. ചെറിയ തോണികളുപയോഗിച്ചാണ് അവരെ രക്ഷിച്ചത്.ഏറ്റവും അപായകരമായ സ്ഥലങ്ങളിൽ കടന്നുചെന്ന് എഴുപതിനായിരത്തോളം വ്യക്തികളെ അതിസാഹസികമായി രക്ഷപെടുത്തിയത് മത്സ്യത്തൊഴിലാളികളാണെന്ന കാര്യം നാം പ്രത്യേകം ഓർമിക്കണം.

ഇതെല്ലാവർക്കും വലിയൊരു പാഠമാണ്. പ്രകൃതിയോടു ചേർന്നു പോയില്ലെങ്കിൽ ആർക്കും മുന്നോട്ടു പോകാൻ കഴിയില്ല. ഈ പ്രളയദുരന്തം ഒരുപാടു കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. മനുഷ്യന്റെ നിസ്സഹായതയെ അതു വ്യക്തമാക്കുന്നു. ഒരു പുസ്തകവും തരാത്ത നൂറായിരം കാര്യങ്ങൾ നമ്മുടെ മുൻപിലേക്ക് പ്രളയജലം ഇട്ടുതരുന്നു. ശരിയായ വിധത്തിൽ അതു തിരിച്ചറിയുമ്പോഴാണ് നാം ജ്ഞാനികളാകുന്നത്.

*******

## പഠിക്കുന്നവർക്കെല്ലാം തൊഴിൽ കൊടുക്കുന്ന സിപെറ്റ്

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക് എൻജിനീയറിങ് ആൻഡ് ടെക്നോളജി (സിപെറ്റ്) എന്ന കേന്ദ്രസർക്കാർ സ്ഥാപനത്തിൽ പഠിക്കുന്നവർക്കെല്ലാം തൊഴിലുറപ്പാക്കുന്നു. രാജ്യമെങ്ങും 32 ക്യാംപസുകളുണ്ട്. ഇതിനു പുറമേ, ലേണിങ് സെന്ററുകളും, റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്ററുകളും വൊക്കേഷണൽ ട്രെയിനിങ് സെന്ററുകളുമുണ്ട്. സിപെറ്റിന്റെ ആസ്ഥാനം ചെന്നൈ ആണ്. കൊച്ചിയിൽ കളമശ്ശേരിയിലെ FACT ക്യാംപസിലാണ് കേരളത്തിലെ സെന്റർ.






ഡിസൈനിങ്, മാനുഫാക്ചറിങ്, പ്ലാസ്റ്റിക് പ്രോസസിങ്, ടൂളിങ്, ടെസ്റ്റിങ് ആൻഡ് ക്വാളിറ്റി അഷ്വറൻസ് എന്നിങ്ങനെ വിവിധ കോഴ്സുകളുണ്ട്. വലിയ ഡിമാന്റുള്ള കോഴ്സുകളാണിത്. ഡിപ്ലോമ ഇൻ പ്ലാസ്റ്റിക് ടെക്നോളജി, ഡിപ്ലോമ ഇൻ പ്ലാസ്റ്റിക് മൗൾഡിങ് ടെക്നോളജി എന്നിവയ്ക്ക് മെറിറ്റടിസ്ഥാനത്തിലാണ് പ്രവേശനം. തെരഞ്ഞെടുത്ത സർവകലാശാലകളുടെ കീഴിൽ ബിരുദബിരുദാനന്തര കോഴ്സുകളും സിപെറ്റ് സെന്ററുകൾ നടത്തുന്നുണ്ട്. കൊച്ചിയിലെ സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആൻഡ് ടെക്നോളജി (CBPST) കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ റിസർച്ച് സെന്റർ കൂടിയാണ്.

## Mooc (massive open online course)

ബി.ടെക് പഠനത്തിനുശേഷം വാല്യൂ ആഡഡ് കോഴ്സുകൾ (value added course) ജോലി സാധ്യത വളരെയേറെ വർധിപ്പിക്കുന്നതാണ്. പഠിക്കുമ്പോൾതന്നെ ഇവ നേടിയെടുക്കാനുള്ള സാധ്യതകളുണ്ട്. Mooc എന്നറിയപ്പെടുന്ന Massive Open Online Course കൾ ഉപയോഗപ്പെടുത്താവുന്നവയാണ്. ബിരുദത്തിനുശേഷം ഇത്തരം ഓൺലൈൻ ഇന്ററാക്ടീവ് ലേണിങ് പ്രോഗ്രാമുകളുമായി ബന്ധപ്പെടുന്നതിനുപകരം പഠനകാലയളവിൽതന്നെ ഇതു ചെയ്യുകയാണെങ്കിൽ ജോലിക്കുവേണ്ടിയുള്ള അന്വേഷണത്തിൽ വലിയ മുതൽകൂട്ടായി അതു മാറും. ഇത്തരം ഓൺലൈൻ കോഴ്സുകൾ നടത്തുന്ന അമേരിക്കയിലെ ചില പ്രമുഖ സർവകലാശാലകളുടെ പേരുവിവരം താഴെ ചേർക്കുന്നു.

Stanford University
Berkeley University
University of California
Georgetown University
Princeton University
Pennsylvania University

## ലതർ ടെക്നോളജി ജോലി ഉറപ്പായ കോഴ്സ്

പ്രവേശനപരീക്ഷയില്ലാതെ മാർക്ക് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന സ്ഥാപനമാണ് സെൻട്രൽ ലതർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. പ്ലസ് ടു കഴിഞ്ഞവർക്ക് ഡിപ്ലോമ പ്രോഗ്രാം ഇൻ ലതർ പ്രോസസിങ്, ഡിപ്ലോമ പ്രോഗ്രാം ഇൻ ലതർ ഗുഡ്സ്, ഡിപ്ലോമ പ്രോഗ്രാം ഇൻ ലതർ ഗാർമെന്റ്സ്, ഡിപ്ലോമ പ്രോഗ്രാം ഇൻ ഫുട്വെയർ, എന്നിവ ജോലി സാധ്യത വളരെയേറെയുള്ള കോഴ്സുകളാണ്. ചെന്നൈ ക്യാംപസിലെ പ്ലേസ്മെന്റ് സെൽ വഴി തന്നെ ജോലി എല്ലാവർക്കും നേടാൻ കഴിയും. കെമിസ്ട്രി ബിരുദക്കാർക്കും കെമിസ്ട്രി ഒരു വിഷയമായി എടുത്ത് ബിരുദം ചെയ്തവർക്കും പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ലതർ പ്രോസസിങ് മികച്ച ജോലി ലഭിക്കുവാനുതകുന്ന കോഴ്സാണ്. ലതർ ടെക്നോളജിയിൽ ബിരുദാനന്തരബിരുദം നേടാനും ഈ ദേശീയ സ്ഥാപനത്തിൽ അവസരമുണ്ട്. ഗവേഷണത്തിനുള്ള അവസരങ്ങളുമുണ്ട്. ഗവേഷകർക്ക് ഫാക്കൽറ്റിയായോ സയന്റിസ്റ്റായോ നിയമനവും ലഭിക്കും.

പ്രവേശന നടപടികൾക്ക് : www.clri.org നോക്കുക



******



സുധാകരൻ എം.
മാനേജ്മെന്റ് വിഷയങ്ങളിൽ വിസിറ്റിങ് പ്രൊഫസറും അറിയപ്പെടുന്ന കോർപറേറ്റ് ട്രെയിനറുമാണ് ലേഖകൻ. ഫോൺ: 8891355446

# ജീവിതവിജയത്തിന്- കൃത്യമായ ആസൂത്രണവും പിഴവില്ലാത്ത നിർവഹണവും

ജീവിത വിജയത്തിന് ലക്ഷ്യം നിർണയിച്ചാൽമാത്രംപോരാ,അവയിലെത്തിച്ചേരാനുള്ള മാർഗങ്ങൾ കൂടി കൃത്യമായി ആസൂത്രണം ചെയ്യുകയും, അവ ശുഷ്കാന്തിയോടെ നടപ്പിൽ വരുത്തുകയും വേണം. അതില്ലെങ്കിൽ ലക്ഷ്യങ്ങൾ വെറും സ്വപ്നങ്ങളായി തന്നെ അവശേഷിക്കും. ബുദ്ധിശക്തിയിലും ലക്ഷ്യനിർണയത്തിലുമെല്ലാം ഉന്നത നിലവാരം പുലർത്തുന്നവർപോലും പ്രവൃത്തിപഥത്തിൽ പരാജയപ്പെടുന്നത് നാം കാണാറുണ്ടല്ലോ. ശരിയായ ആസൂത്രണ (planning) ത്തിന്റെയും ശക്തമായ നിർവഹണത്തിന്റെയും (execution) അഭാവമാണ് പലപ്പോഴും ഈ പരാജയങ്ങൾക്ക് കാരണം.




ലക്ഷ്യം നേരിടാൻ കഠിനാധ്വാനം മാത്രം പോരാ ആസൂത്രണത്തിന്റെ പിൻബലമുണ്ടെങ്കിലേ ഏതധ്വാനവും ഫലപ്രദമാകൂ. ലക്ഷ്യപ്രാപ്തിക്ക് ആദ്യമായി വേണ്ടത് കൃത്യമായ ആസൂത്രണമാണ്. ലക്ഷ്യം നേടാനായി നിർവഹിക്കപ്പെടേണ്ട ദൗത്യങ്ങളെക്കുറിച്ചും ഇതിനു വേണ്ടിവരുന്ന സമയം, പണം, അധ്വാനം എന്നിവയെക്കുറിച്ചുമെല്ലാം ഒരു രൂപരേഖ തയ്യാറാക്കുക എന്നതാണ് ആസൂത്രണത്തിന്റെ ആദ്യഘട്ടം. ഇപ്പോൾ നിങ്ങൾ എവിടെ നിൽക്കുന്നുവെന്നും എപ്പോൾ എങ്ങനെ, എവിടെയെത്തിച്ചേരണമെന്നും അതിനായി എന്തെല്ലാം പരിശ്രമങ്ങൾ വേണ്ടിവരുമെന്നും നിശ്ചയിക്കപ്പെടുന്നു. ലക്ഷ്യത്തിലെത്തിച്ചേരാനുള്ള എന്തെല്ലാം കഴിവുകളാണ് തനിക്കുള്ളതെന്നും ഇല്ലാത്തതെന്നും കണ്ടെത്തുക. കഴിവുകൾ പരിപോഷിപ്പിക്കുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്യുക. എന്തെല്ലാം വിഭവങ്ങൾ (കഴിവ്, നൈപുണ്യം, പരിശീലനം തുടങ്ങിയവ) തനിക്കുണ്ടെന്നും എന്തെല്ലാം വിഭവങ്ങൾ സമാഹരിക്കേണ്ടിയിരിക്കുന്നുവെന്നും കണ്ടെത്തുക. ഈ വിടവ് വിശകലന (gap analysis) ത്തിലും വിടവ് നികത്തുന്നതിനാവശ്യമായ നടപടികളിലുമായിരിക്കണം ആസൂത്രണത്തിന്റെ അടിത്തറ.



ആഗ്രഹിക്കുന്നിടത്ത് എത്തിച്ചേരണമെങ്കിൽ പലതും (അലസത, വേണ്ടാത്ത കാര്യങ്ങളിൽ പണവും സമയവും നഷ്ടപ്പെടുത്തുവാനുള്ള പ്രവണത, മുടന്തൻ ന്യായങ്ങളിൽ അഭയം കണ്ടെത്തുന്ന സ്വഭാവം തുടങ്ങിയവ) ഉപേക്ഷിക്കേണ്ടതായും, പുതുതായി പലതും (സമയ നിഷ്ഠ, ഏകാഗ്രത, കാര്യക്ഷമത തുടങ്ങിയവ) ആർജിക്കേണ്ടതായും വന്നേക്കാം. ഇതിനായി ബന്ധപ്പെട്ട എല്ലാവരുടെയും അഭിപ്രായങ്ങൾ അറിയുകയും പ്രസക്തമായവ സ്വീകരിക്കുകയും അല്ലാത്തവ തള്ളിക്കളയുകയും ചെയ്യുക. എല്ലായ്പ്പോഴും അന്തിമ തീരുമാനം സ്വന്തമായിരിക്കണം.

എത്രതന്നെ ദീർഘദൃഷ്ടിയോടെ ആസൂത്രണം നടത്തിയാലും മാറ്റങ്ങൾ പലപ്പോഴും പ്രവചനാതീതമായിരിക്കും. സമകാലീന യാഥാർഥ്യങ്ങളുടെ അടിസ്ഥാനത്തിൽ ഭാവിയുടെ ഏതാണ്ടൊരു രൂപരേഖ മിനഞ്ഞെടുക്കുവാനെ നമുക്ക് കഴിയൂ. നൂറു ശതമാനം വ്യക്തതയ്ക്കുവേണ്ടി കാത്തിരുന്നാൽ ഒരു പദ്ധതിയും നടപ്പിലാക്കാനാകില്ല. ചുറ്റുപാടുകളെ സൂക്ഷ്മമായി നിരീക്ഷിക്കുകയും അവയ്ക്കനുയോജ്യമായ രീതിയിൽ മാറ്റം വരുത്തേണ്ടതായും വന്നേക്കാം. വഴിയുടെ അവസാനം കണ്ടെത്തി ഒരു യാത്രയും തുടങ്ങാൻ പറ്റില്ലല്ലോ. വഴികൾ യാത്രയിൽ രൂപപ്പെട്ടു വരേണ്ടവയാണ്. ജീവിതത്തിൽ സംഭവിക്കുന്ന എല്ലാറ്റിനും തെരഞ്ഞെടുപ്പുകൾ ഉണ്ടായിക്കൊള്ളണമെന്നില്ല.



ഒഴിവാക്കാനാവാത്തതുമായി സഹകരിച്ചേ പറ്റൂ.

പദ്ധതികൾ ആസൂത്രണം ചെയ്തതു കൊണ്ട് മാത്രം കാര്യമില്ല. അവ തികഞ്ഞ അച്ചടക്കത്തോടെയും അർപ്പണബോധത്തോടെയും നടപ്പിൽ വരുത്തിയാൽ മാത്രമേ ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയൂ. ശരിയായ നിർവഹണത്തിന്റെ അഭാവത്തിൽ ആസൂത്രണം കടലാസുകളിൽ മാത്രം അവശേഷിക്കുന്ന ഒന്നായിത്തീരും. അതിനാൽ ശക്തമായ, പിഴവില്ലാത്ത നിർവഹണം ലക്ഷ്യപ്രാപ്തിക്ക് അനിവാര്യമാണ്. ഇന്നത്തെ നിങ്ങളുടെ പ്രവർത്തനങ്ങളാണ് നിങ്ങളുടെ നാളെകൾ എങ്ങനെയായിരിക്കണമെന്ന് നിശ്ചയിക്കുന്നത്. ഇതുവരെ നിങ്ങൾക്ക് നേടാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ലക്ഷ്യമാണ് നിങ്ങൾക്ക് നേടേണ്ടതെങ്കിൽ ഇതുവരെ ചെയ്തതിൽ നിന്ന് വ്യത്യസ്തമായി പലതും ചെയ്തേ പറ്റൂ. ചെയ്യുന്നത് തന്നെ ചെയ്തതുകൊണ്ട് വ്യത്യസ്തമായ ഫലം പ്രതീക്ഷിക്കുന്നത് തികച്ചും യുക്തിഹീനമാണ്.




അത്യന്തം ചലനാത്മകവും മത്സരാധിഷ്ഠിതവുമായ ലോകത്ത് ഇന്നലത്തെ രീതികളും പരിഹാരമാർഗങ്ങളും ഇന്ന് ഫലപ്രദമായിക്കൊള്ളണമെന്നില്ല. നിർവഹണഘട്ടത്തിൽ പ്രതിസന്ധികൾ വന്നുചേരുന്നത് സാധാരണമാണ്. ഇവയെ അർപ്പണബോധത്തോടെയും സമചിത്തതയോടെയും നേരിട്ടേതീരൂ. ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ പ്രതിസന്ധികൾ പ്രശ്നമല്ലാതായിതീരുന്നു. ചിതറിക്കിടക്കുന്ന സൂര്യരശ്മികൾ ദുർബലമാണ് അതേ രശ്മികളെ ഒരു മാഗ്നിഫയിങ് ഗ്ലാസ്സിലൂടെ ഒരു പ്രത്യേക ബിന്ദുവിൽ കേന്ദ്രീകരിക്കുമ്പോൾ വളരെയേറെ ശക്തിയാർജിക്കുന്നത് കണ്ടിട്ടില്ലേ. അതുപോലെ തന്നെ ലക്ഷ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ നിർവഹണത്തിന്റെ കാര്യക്ഷമതയും വർധിക്കുന്നു. അനുകൂല സാഹചര്യങ്ങൾക്കു വേണ്ടി കാത്തുനിൽക്കാതെ ലക്ഷ്യങ്ങളിൽ മാത്രം ശ്രദ്ധയൂന്നി വെല്ലുവിളികളെ തരണം ചെയ്യുകയാണ് വേണ്ടത്.

ലക്ഷ്യപ്രാപ്തി യാദൃച്ഛികമായി സംഭവിക്കുന്ന ഒന്നല്ല. വിശ്രമമില്ലാത്ത പ്രവർത്തനങ്ങളുടെ അന്തിമഫലമാണ് ലക്ഷ്യപ്രാപ്തി. ജീവിതത്തിൽ ഉന്നത വിജയം കൈവരിച്ചവരാരും തന്നെ ഒഴികഴിവുകൾക്ക് പിന്നിൽ അഭയം തേടുകയോ, അനുകൂല സാഹചര്യങ്ങൾക്കുവേണ്ടി കാത്തു നിന്നവരോ അല്ല. അവർ അവർക്കനുയോജ്യമായ അവസരങ്ങൾ തേടിപ്പിടിച്ച് പ്രയോജനപ്പെടുത്തിയവരാണ്. പരീക്ഷണ ഘട്ടങ്ങളിൽ പതറാതെ നിശ്ചയ ദാർഢ്യത്തോടെ മുന്നേറുന്നവർ ലക്ഷ്യംനേടുന്നു. സമർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന പരിശ്രമശാലികൾ പലപ്പോഴും അലസന്മാരായ സമർഥന്മാരെ കടത്തിവെട്ടുന്ന കാഴ്ചയാണ് നാം നിത്യവും കാണുന്നത്.



ആസൂത്രണം നടപ്പിൽ വരുത്തുമ്പോൾ നിശ്ചിത ഇടവേളകളിൽ പ്രവർത്തനം വിലയിരുത്തി ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുന്നില്ല എന്നുറപ്പ് വരുത്തുകയും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ തിരുത്തുകയും ചെയ്യണം. മാറ്റങ്ങളുടെ മാറ്റൊലികൾ ഉൾക്കൊണ്ട് പദ്ധതികളുടെ കാലിക പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല എന്നുറപ്പുവരുത്താനും ഇത്തരം അവലോകനങ്ങൾ സഹായിക്കും. ഓരോ പ്രവൃത്തിയും സ്വന്തം ലക്ഷ്യങ്ങളിലേക്കടുപ്പിക്കുന്നതായിരിക്കണം. അതല്ലാത്തവ കഴിയുന്നതത്ര ഒഴിവാക്കുക. ഉദാഹരണത്തിന് യാതൊരു തരത്തിലുമുള്ള മൂല്യവർധന നേടിത്തരാത്ത നൈമിഷികമായ ആനന്ദങ്ങൾ വേണ്ടെന്ന് വയ്ക്കുക. കൂടുതൽ മികവിലേക്കെത്തിച്ചേരാനുള്ള പ്രയാണത്തെ തടസ്സപ്പെടുത്തുന്ന എന്തും ഒഴിവാക്കുക.

ജീവിതത്തിൽ സ്തുത്യർഹമായ വിജയം നേടിയവരുടെ പ്രവർത്തന ശൈലികളെക്കുറിച്ചറിയുവാനും അവ സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കുവാനും ശ്രമിക്കുക. എണ്ണമറ്റ ഗവേഷണങ്ങൾ ഈ മേഖലയിൽ നടന്നിട്ടുണ്ട്. ഈ ഗവേഷണങ്ങളെല്ലാം തന്നെ കണ്ടെത്തിയ വിജയികളുടെ ചില പ്രത്യേക സ്വഭാവവിശേഷങ്ങളും, പ്രവർത്തനശൈലികളുമുണ്ട്. അവയിൽ പ്രസക്തവും പ്രധാനവുമെന്ന് തോ

ന്നിയ ചില പൊതു ഘടകങ്ങൾ താഴെ കുറിക്കുന്നു.

1. ഇവർ വിജയിക്കുവാനുള്ള ഒരു വ്യവസ്ഥ (system) തന്നെ സൃഷ്ടിക്കുകയും അതീവ ശുഷ്കാന്തിയോടെ നടപ്പിൽ വരുത്തുകയും ചെയ്തു.

2. തുടർച്ചയായ വിജ്ഞാന സമ്പാദന പ്രക്രിയയിലൂടെ കാലികമായ മാറ്റങ്ങളോട് ഇഴ ചേർന്ന് പോകുവാനുള്ള കഴിവ് (adaptability) വളർത്തിയെടുത്തു.

3. സ്വന്തം തെറ്റുകളിൽ നിന്ന് പാഠം പഠിക്കുവാൻ കാത്തു നിൽക്കാതെ മറ്റുള്ളവർക്ക് പറ്റിയ തെറ്റുകളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു.

4. ഇവർ കറകളഞ്ഞ ശുഭാപ്തി വിശ്വാസികളും, സാധ്യതകളെപ്പറ്റി മാത്രം ചിന്തിക്കുന്നവരുമായിരുന്നു.

5. ഊർജസ്വലത ഒരിക്കലും കൈവിടാതെ സൂക്ഷിച്ചു.

6. പാതിമനസ്സോടെഒന്നുംചെയ്യാതെഎല്ലായ്പ്പോഴും ചെയ്യുന്നത് നന്നായി ചെയ്തു.

7. കാര്യക്ഷമമായ സമയ വിനിയോഗത്തിൽ എല്ലായ്പ്പോഴും ജാഗ്രത പുലർത്തി.

8. സ്വന്തം ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒരിക്കലും ഒളിച്ചോടാനോ മുടന്തൻ ന്യായങ്ങളിൽ അഭയം തേടുവാനോ ശ്രമിച്ചിട്ടില്ല.

9. സ്വന്തം കഴിവുകളെയും, ദൗർബല്യങ്ങളെയും തികഞ്ഞ യാഥാർത്ഥ്യ ബോധത്തോടെ വിലയിരുത്തി ആരോഗ്യകരമായ ആത്മഭാവം (self image) സൃഷ്ടിച്ചെടുത്തു.

10. പ്രതിസന്ധികളിൽ തളരാതെ പ്രതിബന്ധങ്ങളെ ഫലപ്രദമായി നേരിട്ടു.

ഏത് രംഗത്തായാലും കടുത്ത മത്സരം അതായിരിക്കും ഭാവിയുടെ മുഖമുദ്ര. സ്വന്തം മത്സരക്ഷമത വർധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരിക്കുക. പ്രയത്നങ്ങൾ എല്ലായ്പ്പോഴും ആഗ്രഹിക്കുന്ന ഫലങ്ങൾ നൽകിക്കൊള്ളണമെന്നില്ല. പക്ഷേ, പ്രയത്നങ്ങളിലൂടെയല്ലാതെ ഒരിക്കലും ഫലം ലഭിക്കുകയുമില്ല. പ്രയത്നങ്ങളുടെ കേന്ദ്രീകരണത്തിനാവശ്യമായ സ്പഷ്ടമായ ചിന്തയും, വസ്തുനിഷ്ഠമായ വിശകലനവും ഇവയുടെ ശരിയായ ഏകോപനവുമാണ് നമ്മെ ലക്ഷ്യത്തിലേക്ക് നയിക്കുന്നത്. ലക്ഷ്യപ്രാപ്തി ഒറ്റ രാത്രികൊണ്ട് സംഭവിക്കുന്ന അത്ഭുതമല്ല. അർപ്പണ ബോധത്തോടെയുള്ള പ്രയത്നങ്ങളുടെ ആകെ തുകയാണ് ജീവിത വിജയം. വെല്ലുവിളികളുടെ മുഖത്തു നോക്കി തോൽക്കാൻ മനസ്സില്ല എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് പ്രയത്നങ്ങൾ തുടരുക. എങ്കിൽ വിജയം നിങ്ങൾക്കുള്ളതാണ്.

******

**മന:ശാസ്ത്ര പംക്തി.**

# സഹപാഠിയോടു പ്രണയം...?

**ചോദ്യം** – ഞാൻ പ്ലസ്ടു വിദ്യാർഥിയാണ്. കഴിഞ്ഞ വർഷം മികച്ച വിജയം നേടാൻ എനിക്കു കഴിഞ്ഞു. എന്നാൽ ഈ വർഷം സ്ഥിതിയാകെ മാറി. പഠനകാര്യത്തിൽ അലസത കടന്നുവരുന്നുണ്ടോയെന്ന് എനിക്കു സംശയം തോന്നുന്നു. എന്റെ ക്ലാസ്സിൽ സുന്ദരിയായ ഒരു പെൺകുട്ടിയുണ്ട്. വളരെ സ്മാർട്ടാണ്. നന്നായി പഠിക്കും. അവളുടെ നോട്ട് ഞാൻ പകർത്തിയെഴുതാറുണ്ട്. രാത്രിയിൽ വീട്ടിൽ വച്ച് പഠിക്കാനായി പുസ്തകം തുറക്കുമ്പോൾ അവളുടെ ഓർമ വരും. പിന്നെ അവളെ ഫോണിൽ വിളിക്കും. ഇപ്പോൾ ഒരുപാടു നേരം സംസാരിക്കാൻ അവൾ താത്പര്യം കാട്ടുന്നില്ല. അതുകൊണ്ട് എനിക്ക് വലിയ നിരാശ തോന്നുകയാണ്. ക്ലാസ്സിൽ മറ്റു ആൺകുട്ടികളോടും വളരെ ഫ്രീയായി അവൾ ഇടപെടുന്നതു കാണുമ്പോൾ എനിക്കെന്തോ അസ്വസ്ഥത തോന്നുന്നു. എന്താണ് ഞാൻ ചെയ്യേണ്ടത്?

**ഉത്തരം:** സുന്ദരിയായ പെൺകുട്ടി, അവളുടെ നോട്ട് പകർത്തിയെഴുതാൻ താത്പര്യം, രാത്രിയിൽ അധികനേരം സംസാരിക്കാനുള്ള ആഗ്രഹം, അവൾ മറ്റ് ആൺകുട്ടികളോട് സ്വതന്ത്രമായി ഇടപെടുന്നത് കാണുമ്പോൾ മനസ്സിൽ അസ്വസ്ഥത, ഇതെല്ലാം കുട്ടി വായിക്കുമ്പോൾ എന്താണു മനസ്സിലാക്കേണ്ടത്? അനുജന് ആ പെൺകുട്ടിയോട് പ്രണയം തോന്നുന്നുവെന്നതാണ് യാഥാർഥ്യം. ആ പെൺകുട്ടിക്കാണെങ്കിൽ തിരിച്ച് അങ്ങനെയൊന്നില്ലതാനും. പകൽനേരം ക്ലാസ്സിൽവച്ച് ധാരാളം സംസാരിക്കുന്നവർ പിന്നെ രാത്രിയിലെന്തിനാണ് കുറേനേരം സംസാരിക്കാൻ വാശി പിടിക്കുന്നത്? പ്ലസ്ടു പരീക്ഷയ്ക്ക് ഇനി ഏതാനും മാസങ്ങളേയുള്ളൂ. രാത്രിയിൽ കുറേ നേരം പഠനത്തിനുവേണ്ടി ചെലവഴിക്കേണ്ടതുണ്ട്. ആ സമയം ആവശ്യമില്ലാത്ത ഫോൺ വിളിച്ച് നഷ്ടപ്പെടുത്തരുത്. ആ ബോധ്യം പെൺകുട്ടിക്കുള്ളതുകൊണ്ടാണ് അവൾ സംസാരിക്കുന്നത് ഇഷ്ടപ്പെടാത്തത്. ആരോടും പ്രത്യേക താത്പര്യമൊന്നുമില്ലാത്തതുകൊണ്ടാണ് പെൺകുട്ടി എല്ലാ ആൺകുട്ടികളോടും ഒരുപോലെ പെരുമാറുന്നത്. അവളുടെ മനസ്സിൽ അനുജനോട് പ്രണയമൊന്നുമില്ലെന്നറിയണം. അങ്ങോട്ട് ഇഷ്ടം തോന്നി, ഇങ്ങോട്ടു ഫ്രീയായി സംസാരിച്ചു, നോട്ട് പകർത്തിയെഴുതാൻ തന്നു, ചില സഹായങ്ങൾ ചെയ്തു തന്നു എന്നതൊക്കെ പ്രണയത്തിന്റെ ലക്ഷണങ്ങളായി കരുതരുത്.

ഈ പ്രായത്തിൽ കൗതുകം തോന്നുന്ന ചില വ്യക്തികളോട് ഇഷ്ടം തോന്നുക സാധാരണമാണ്. അത് പ്രണയമായി പലരും തെറ്റിദ്ധരിക്കുന്നു. അവരുടെ ഭാഗത്തു നിന്നുള്ള എന്തെങ്കിലും പോസിറ്റീവായ പ്രതികരണത്തെ ആ വിധത്തിൽ മനസ്സു വ്യാഖ്യാനിക്കും. പിന്നെ സ്വന്തമാണെന്നു ദിവാസ്വപ്നം കാണും. തന്നോടു മാത്രം മിണ്ടണം, ചിരിക്കണം, സഹകരിക്കണം എന്നൊക്കെ വിചാരിച്ചുകളയും. എപ്പോഴും അവരുടെ സാമീപ്യം ആഗ്രഹിക്കും. അവരെ ജീവിതത്തിന്റെ ഭാഗമാക്കി ഒരു പാടു സ്വപ്നങ്ങളും നെയ്തുകൂട്ടി സങ്കല്പലോകത്തിൽ വിരാജിക്കും. തന്റേതാക്കാനും പങ്കാളിയാക്കാനുമൊക്കെ എത്രയോ കാലങ്ങൾ ഇനിയും കിടക്കുന്നു.

ഇത്തരം പ്രവണതകളൊക്കെ സ്വാഭാവികമാണെന്നു കരുതിക്കാള്ളണം. പ്ലസ്ടു വിന്റെ മികച്ച വിജയം നമ്മുടെ ഭാവിയിൽ പ്രധാന പങ്ക് വഹിക്കുന്നുന്നെ കാര്യം മറക്കരുത്. ഹോർമോൺ പ്രവത്തനഫലമായുണ്ടാകുന്ന ചില മനോഭാവങ്ങളാണ് അനുജൻ ഇപ്പോൾ അനുഭവിക്കുന്നത്. നീണ്ട പഠനകാലം മുന്നിൽ കിടക്കുന്നു. നല്ല വിദ്യാഭ്യാസവും ജോലിയുമാണ് ആദ്യം നാം കൈവരിക്കേണ്ടത്. ഇത്തരം തോന്നലുകൾക്ക് അധികം പ്രാധാന്യം നല്കേണ്ടതില്ല. പൂക്കാനും കായിക്കാനും പാകമാകാനും വിളവെടുക്കാനുമൊക്കെ ഓരോ കാലമുണ്ട്. കരിക്ക് ആട്ടി എണ്ണയെടുക്കാമെന്ന് നാം വാശി പിടിക്കരുത്. സ്വാഭാവികമായി അനുഭവപ്പെടുന്ന ചില പ്രവണതകളെ പക്വതയിൽ വീക്ഷിക്കാൻ നാം പഠിക്കണം. പ്ലസ് ടു വിന് നല്ല മാർക്കു നേടി ജയിക്കുകയെന്നതും അനുയോജ്യമായ കോഴ്സിനു ചേരാനുള്ള അന്വേഷണവുമാണ് ഇപ്പോഴത്തെ പ്രഥമ കാര്യം. വളരെ നിസ്സാരകാര്യങ്ങൾക്കുവേണ്ടി വിലയേറിയ സമയം മാറ്റിവയ്ക്കുമ്പോൾ ഭാവിജീവിതത്തിന്റെ പ്രതീക്ഷകളെ നഷ്ടപ്പെടുത്തുകയായിരിക്കും അനന്തരഫലം.

******

# ഉയരങ്ങളിലെത്താൻ തീവ്രമായ ആഗ്രഹങ്ങൾ വേണം

*ഗുരുജി*

**വി**ദ്യാവിഷയങ്ങളിലോ, മത്സരങ്ങളിലോ അഥവാ ജീവിതത്തിലെ മറ്റേതെങ്കിലും കാര്യങ്ങളിലോ വിജയിക്കണമെങ്കിൽ ആദ്യം വേണ്ടത് വിജയിക്കണമെന്നുള്ള ആഗ്രഹമാണ്. അഥവാ ജീവിതത്തിലെ എല്ലാ വിജയങ്ങളുടെയും തുടക്കം ആഗ്രഹത്തിലാണ് അടിത്തറ ഉറപ്പിച്ചിരിക്കുന്നത്. വിജയം വേണമെന്ന് ആഗ്രഹിക്കാത്ത ഒരുത്തന് അത് ഒരിക്കലും കരസ്ഥമാക്കാൻ സാധ്യമല്ല. ഇവിടെ ആഗ്രഹമെന്നത് വെറും മോഹമോ, അഭിലാഷമോ, ദിവാസ്വപ്നമോ അല്ല തീവ്രമായ ആഗ്രഹം തന്നെയാണ്. ജീവിതത്തിൽ വിജയിക്കണമെന്ന് നമുക്ക് തീവ്രമായ ആഗ്രഹമുണ്ടെങ്കിൽ മാത്രമേ നമ്മുടെ മനക്കരുത്തും, ശരീരശേഷിയും, സാമ്പത്തിക ശക്തിയും അതിനുവേണ്ടി ഉപയോഗിക്കാൻ തോന്നുകയുള്ളൂ. ആകാശത്തിലൂടെ പക്ഷിയെപ്പോലെ പാറിപ്പറക്കുന്ന ഒരു യന്ത്രം സംവിധാനം ചെയ്യുവാൻ റൈറ്റ് സഹോദരൻമാരെ സഹായിച്ചത് അവരിലെ തീവ്രമായ ആഗ്രഹമായിരുന്നു. വിമാനത്തിന്റെ വിജയകരമായ കണ്ടുപിടിത്തത്തിലാണ് അവരെ ആ ആഗ്രഹം കൊണ്ടെത്തിച്ചത്. ആദ്യത്തെ വിമാനം പറപ്പിച്ചവർ എന്നുള്ള ബഹുമതി ഇവർ നേടുകയും ചെയ്തു. ദൂരദേശങ്ങളിലേക്ക് വായുവിലൂടെ സന്ദേശങ്ങളയക്കാൻ ഒരു സംവിധാനം കണ്ടുപിടിക്കണമെന്നാണ് ഇറ്റലിക്കാരനായ മാർക്കോണി ആഗ്രഹിച്ചത്. ആഗ്രഹ സഫലീകരണത്തിനായി അദ്ദേഹം 1894 മുതൽ അശ്രാന്തപരിശ്രമം നടത്തുകയും ഒടുവിൽ 24 വർഷങ്ങൾക്കുശേഷം 1918 ൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. തന്റെ ആദ്യ റേഡിയോ സന്ദേശം അദ്ദേഹം ബ്രിട്ടണിൽ നിന്നും ആസ്ത്രേലിയായിലേക്ക് അയച്ചു. അതുപോലെ തന്നെ വൈദ്യുതിയുടെ ശക്തികൊണ്ട് പ്രകാശിക്കുന്ന വിളക്ക് രൂപപ്പെടുത്തിയെടുക്കാൻ സർ തോമസ് ആൽവാ എഡിസൺ തീവ്രമായി ആഗ്രഹിച്ചു. നിരന്തര പരിശ്രമം കൊണ്ട് അദ്ദേഹ ത്തിന് ഇലക്ട്രിക് ബൾബും നിർമിക്കാൻ സാധിച്ചു.

മേൽപറഞ്ഞ വിജയങ്ങളെല്ലാം ആഗ്രഹങ്ങളിൽ നിന്നും കിളിർത്തുവന്നതാണ്. ബിസിനസ്സിൽ മിടുക്കനാകുന്നതും, മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടുന്നതും, സ്പോർട്സിൽ കേമനാകുന്നതും മറ്റും ഏകദേശം ഇതുപോലെതന്നെയാണ്. പക്ഷേ, വിജയങ്ങളിലെത്താൻ തീവ്രമായ ആഗ്രഹങ്ങൾ മാത്രം മതിയോ? എന്നുള്ള ചോദ്യം ഇപ്പോഴും അവശേഷിക്കുന്നു. പോരാ എന്നാണ് അതിനുത്തരം. ആഗ്രഹം ആധാരമാക്കിയുള്ള കഠിനാധ്വാനം, നിരന്തരപ്രയത്നം, സ്ഥിരോത്സാഹം, കൃത്യനിഷ്ഠ, അർപ്പണ മനോഭാവം, ചിട്ടയോടുകൂടിയ പ്രവർത്തനങ്ങൾ, പുരോഗമനങ്ങളുടെ വിലയിരുത്തൽ അഥവാ അവലോകനങ്ങൾ മുതലായ കാര്യങ്ങളും അനിവാര്യമാണ്.

ഇതിൽ ഈശ്വരാനുഗ്രഹത്തിനും, സാഹചര്യങ്ങൾക്കും, അന്യരിൽ നിന്നുള്ള സഹായസഹകരണ പ്രോത്സാഹനങ്ങൾക്കും വലിയ സ്ഥാനങ്ങളുണ്ടെന്ന് മറക്കാതിരിക്കുക.

എന്തുതന്നെയായാലും, തുടക്കം ആഗ്രഹം തന്നെയാകട്ടെ, പരിശ്രമം അർപ്പണ മനോഭാവത്തോടുതന്നെയാകട്ടെ! ഈശ്വരന്റെ അനുഗ്രഹം നിശ്ചയമായും ഉണ്ടായിരിക്കും.

******

# കുറവുകൾ നമ്മെ കീഴടക്കരുത്

*ഡോ. എസ്. ജെ*

പല വിദ്യാർഥികളുടെയും വ്യക്തിത്വ വികസനത്തിനു തടസ്സമായി നിൽക്കുന്നത് അവരുടെ മിഥ്യയായ അപകർഷബോധമാണ്. തനിക്ക് പൊക്കമില്ല, നിറമില്ല, സൗന്ദര്യമില്ല അല്ലെങ്കിൽ മറ്റുള്ളവരുടെയത്ര ബുദ്ധിശക്തിയില്ല എന്നൊക്കെ ചിന്തിച്ച് നിരാശരായി കഴിയും. യഥാർഥത്തിൽ ഓരോരുത്തർക്കും വ്യത്യസ്തമായ മേഖലകളിലാണ് ശോഭിക്കുവാനാകുന്നത്. മാത്രമല്ല എല്ലാത്തരത്തിലും വ്യത്യസ്തരാണ് ഓരോ വ്യക്തികളുമെന്ന് നാം തിരിച്ചറിയണം. പഠനത്തിൽ മികവു കാട്ടുന്നവരുണ്ട്. സ്പോർട്സിൽ മിടുക്കു തെളിയിക്കുന്നവരുണ്ട്. കലാരംഗങ്ങളിൽ ശോഭിക്കുന്നവരുണ്ട്. കച്ചവടത്തിലും കൃഷിയിലും വലിയ കാര്യങ്ങൾ ചെയ്യുന്നവരെ കാണാം. സാമൂഹ്യ രംഗത്ത് നിരവധി പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നവരെ നാം കാണാറുണ്ടല്ലോ. ഇത്തരം വൈവിധ്യപൂർണമായ കഴിവുകളുള്ള വ്യക്തികളുടെ സമൂഹമാണ് ജനം എന്ന് ആദ്യമേ നാം മനസ്സിലാക്കണം. അതിനാൽ ഇല്ലാത്ത കഴിവുകളെ നോക്കി നിരാശപ്പെടാതെ ഉള്ള കഴിവുകളെ വികസിപ്പിക്കാനാണ് നാം ശ്രമിക്കേണ്ടത്.

അപകർഷബോധം എപ്പോഴും വളർച്ചയ്ക്ക് തടസ്സമായി നിൽക്കുമെന്ന് മന:ശാസ്ത്രജ്ഞർ പറയുന്നു. അവരെപ്പോഴും ഉൾവലിയുന്ന സ്വഭാവക്കാരാണ്. ഉള്ള കഴിവുകൾപോലും പ്രകടിപ്പിക്കാൻ അവർക്കു മടിയായിരിക്കും. ഒരു കാര്യവും പുതുതായി ഏറ്റെടുത്തു നടത്താൻ അവർക്കു പറ്റില്ല. ഏതൊന്നിനെയും അഭിമുഖീകരിക്കാനും അവർ മടി കാണിക്കുകയും ചെയ്യും. ആദ്യം നാം ചെയ്യേണ്ടത് നമ്മുടെ സ്വന്തം കഴിവുകളെ തിരിച്ചറിയുക എന്നതാണ്. ആ മേഖലയെ പരിപോഷിപ്പിക്കാനുള്ള സാധ്യതകൾ തേടണം. അത് എവിടെയൊക്കെ ഏതു വിധത്തിൽ പ്രകടിപ്പിക്കാൻ കഴിയുമെന്നു മനസ്സിലാക്കിയിരിക്കണം. അതിനനുസരിച്ച് മുന്നോട്ടുപോകുമ്പോൾ ഏതൊരു വ്യക്തിക്കും ചരിത്രത്തിന്റെ ഭാഗമാകാൻ കഴിയും. കൈകളില്ലാതിരുന്നിട്ടും കാലുകൾകൊണ്ട് ചെയ്യാവുന്ന എല്ലാ ജോലികളും ചെയ്യുന്നവരെപ്പറ്റി നാം പലപ്പോഴും കേൾക്കാറുണ്ടല്ലോ. അതുപോലെ തന്നെ നാം പഠിക്കുകയോ ജോലി ചെയ്യുകയോ ചെയ്യുന്ന ഏതൊരു സ്ഥാപനമാകട്ടെ അതിന്റേതായ നിയമങ്ങളും അച്ചടക്കവുമൊക്കെ സാധാരണയായി ഉണ്ടായിരിക്കും. സ്ഥാപനത്തിന്റെ പൊതുവായ വളർച്ചയും സൽപേരും നിലനിറുത്താൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. ചിലരുടെ മുൻപിൽ 'ഹീറോ' പരിവേഷം കിട്ടുന്നതിനായി ഒരു സ്ഥാപനത്തെ ഇടിച്ചു താഴ്ത്തുന്ന വിധം ഒരു പ്രവൃത്തിയും നമ്മുടെ ഭാഗത്തു നിന്നുണ്ടാകരുത്. പഠനകാലയളവിൽ അധ്യാപകർക്കെതിരേപോലും അന്യായമായി എടുത്തുചാടുന്നതുപോലെയുള്ള കാര്യങ്ങൾ നമ്മുടെ നല്ല ഭാവിക്ക് ദോഷകരമായി ഭവിക്കുമെന്ന് നാമറിഞ്ഞിരിക്കണം. വിനയവും പരസ്പര സ്നേഹവുമൊക്കെ നാം അഭ്യസിപ്പിക്കേണ്ടത് വിദ്യാഭ്യാസ കാലയളവിലാണ്. സഹിഷ്ണുത വളരെ പ്രധാനപ്പെട്ട ഒരു ഗുണമാണ്. സ്വന്തം അഭിരുചിക്കിണങ്ങാത്തതിനെയും പൂർണ മനസ്സോടെ സ്വീകരിക്കുന്നതിനെയാണ് സഹിഷ്ണുത എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. ഇതില്ലാത്തവരാണ് എപ്പോഴും വിമതശബ്ദം മുഴക്കിക്കൊണ്ടിരിക്കുന്നത്. ഓർക്കുക, വിമതർ എവിടെ ചെന്നാലും വിമതസ്വഭാവം പ്രകടിപ്പിച്ചിരിക്കും.




പലവിധ മാനസിക സമ്മർദങ്ങളെ അഭിമുഖീകരിക്കുന്ന വിദ്യാർഥികളെ കാണാൻ കഴിയുന്നുണ്ട്. അടുപ്പമുള്ള പക്വതയുള്ളവരുമായി പ്രശ്നങ്ങൾ പങ്ക് വയ്ക്കുകയാണ് ആദ്യം ചെയ്യേണ്ടത്. മിക്കവാറും പ്രശ്നങ്ങൾ അതുകൊണ്ടുതന്നെ പരിഹരിച്ചിരിക്കും. എന്നിട്ടും മാറ്റമില്ലെങ്കിൽ ഒരു കൗൺസിലറുമായി ബന്ധപ്പെടാൻ ശ്രമിക്കണം. പ്രശ്നപരിഹാരത്തിനുള്ള വഴികൾ അവർ പറഞ്ഞുതരും. ഹോസ്റ്റൽ മുറികളിലാണ് പലപ്പോഴും പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. വിഭിന്ന സ്വഭാവത്തിലുള്ളവർ ഒന്നിച്ചു വരുമ്പോൾ പല വിധ പ്രശ്നങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ട്. നാം സഹിഷ്ണുതയുള്ളവരെങ്കിൽ എല്ലാവരെയും തുറന്ന മനസ്സോടെ സ്വീകരിക്കാൻ കഴിയും. പൊതുവായി ഏതൊരു കാര്യം ചെയ്യുമ്പോഴും ഈ പ്രവണത കടന്നു വരാറുണ്ട്. വിരുദ്ധാഭിപ്രായങ്ങൾ സ്വാഭാവികമാണെന്നും നാം കരുതണം. പൊതുവായ തീരുമാനം ഉണ്ടായാൽ നാം അതിനോടു പൊരുത്തപ്പെടുകയെന്നതാണ് പക്വത. ആരെയും മുറിപ്പെടുത്താത്ത വിധത്തിൽ സംസാരിക്കാനും നാം ശീലിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ നിറമോ, കഴിവോ, വലിപ്പമോ ഒന്നുമല്ല മാന്യമായ പെരുമാറ്റമാണ് നമ്മെ ഏവർക്കും പ്രിയംകരമാക്കുന്നതെന്ന കാര്യം വിസ്മരിക്കരുത്.

*******

**കുട്ടികളുടെ പംക്തി**

# ഒന്നുമുതൽ പന്ത്രണ്ടുവരെ



*ജാസ്മിൻ മാത്യു*
*സാവിയോ ഹയർ സെക്കൻഡറി സ്കൂൾ, ദേവഗിരി*

ഞാൻ ആദ്യമായി എന്റെ സ്കൂളിന്റെ പടികൾ കണ്ട അന്നു മുതൽ ഇന്നുവരെ വിദ്യാഭ്യാസം എന്നത് എനിക്ക് വലിയ ഒരു പാഠപുസ്തകം തന്നെയായിരുന്നു. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ വായിച്ചു പഠിച്ച് ഗ്രഹിക്കേണ്ട ഒരു പുസ്തകം.ഞാൻ പഠിച്ചതും വളർന്നതും ഒരു സി.എം. ഐ. സ്കൂളിലാണ്. ഓരോ കുട്ടിയുടെയും കഴിവു പ്രകടിപ്പിക്കാനുള്ള സാഹചര്യം അവിടെയുണ്ടായിരുന്നു. അതിലേറെ നല്ല ഒരു പറ്റം അധ്യാപകരെയും ദൈവം എനിക്ക് സമ്മാനിച്ചു. ഒരു സ്കൂൾ എന്നതിലുപരി ഞങ്ങൾക്ക് എല്ലാവർക്കും അതൊരു കൂട്ടുകുടുംബമായിരുന്നു. ഓരോ വർഷം കഴിയും തോറും എനിക്ക് പഠിക്കാനുള്ള പുസ്തകങ്ങൾ കൂടി, പഠിപ്പിക്കുന്ന അധ്യാപകർ മാറി മാറി വന്നു. പഠിക്കാനുള്ള വിഷയങ്ങൾ കൂടുതൽ ഗൗരവമായി. ഞാൻ ലോകത്തെ കൂടുതൽ അറിയാൻ തുടങ്ങി.

ബാല്യത്തിൽ നമ്മുടെ ചില പ്രവൃത്തികളെങ്കിലും വിഡ്ഢിത്തരമായി മാറാൻ സാധ്യതയുണ്ട്. പലതും ശരിയെന്നു വിചാരിച്ചാണ് നാം ചെയ്യാറുള്ളതും. പക്വതയുടെ പ്രായത്തിലെത്തിയപ്പോഴാണ് അന്നു കാട്ടിക്കൂട്ടിയ പലതിന്റെയും പൊള്ളത്തരം മനസ്സിലാക്കാൻ സാധിച്ചത്. പിന്നീട് അതോർത്ത് അല്പം ലജ്ജയോടെ മന്ദസ്മിതം പൊഴിച്ചിട്ടുമുണ്ട്. ജീവിതത്തിൽ ഒരുപാട് ഘട്ടങ്ങൾ ഉള്ളതിൽ ഒന്ന് മാത്രമാണ് ഈ സ്കൂൾ ജീവിതം. ആ പഠനകാലം ഏറ്റവും മികച്ച രീതിയിൽ എനിക്ക് ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. അതിലുപരി ഒരുപാട് നല്ല സൗഹൃദങ്ങളെ എനിക്ക് ഈ കാലത്തിനുള്ളിൽ സ്വരൂപിക്കാൻ സാധിച്ചു. ഈ ഒരു പഠന കാലം നമ്മുടെ മാതാപിതാക്കൾക്ക് നമ്മളെ ഓർത്ത് അഭിമാനിക്കാൻ തക്കവിധം അത് മനോഹരമാക്കാൻ നമുക്ക് സാധിക്കും. ആ പഠനകാലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്ലസ്ടുവിൽ ഞാൻ പഠിക്കുമ്പോഴും എന്നെപ്പോലെയുള്ള ഓരോ കുട്ടിയുടെയും മനസ്സിൽ ഒരു പ്രാർഥന മാത്രമേയുള്ളൂ, എന്റെ അഭിരുചിക്കിണങ്ങിയ ഒരു നല്ല കോഴ്സിന് പ്രവേശനം ലഭിക്കണമെന്നുമാത്രം. രാപകൽ എനിക്കുവേണ്ടി അധ്വാനിക്കുന്ന എന്റെ മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സഫലീകരിക്കപ്പെടണം. അതിലുപരി ഇത്രയും കാലത്തെ സ്കൂൾ ജീവിതം നല്ല ഒരു സ്വഭാവം എനിക്ക് സമ്മാനിച്ചു എന്നത് ഏറെ സംതൃപ്തി നൽകുന്നു. എത്രയൊക്കെയായാലും നമ്മുടെ മനസ്സിൽ ഒരാഗ്രഹമുണ്ടെങ്കിൽ അതിനുവേണ്ടി പരിശ്രമിക്കാൻ നമ്മൾ തയ്യാറാണെങ്കിൽ അത് സാധിച്ചു തരാൻ ഈ ലോകം മുഴുവൻ നമ്മുടെ കൂടെ ഉണ്ടായിരിക്കും എന്ന പാവ്‌ലോ കൊയ്‌ലോയുടെ അതിമനോഹരമായ വാക്കുകൾ നമുക്ക് പ്രചോദനം പകരുന്നവയാണ്.



*****


# അധ്യാപക ദിനം -ചില ചിന്തകൾ


മിനി അഗസ്റ്റിൻ
ദേവഗിരി സാവിയോ ഹയർസെക്കൻഡറി സ്കൂൾ അധ്യാപികയാണ് ലേഖിക

സെപ്തംബർ-5 പതിവുപോലെ ഒരധ്യാപക ദിനം കൂടി കടന്നുപോയി. പല സ്കൂളുകളിലും വിപുലമായ ദിനാചരണങ്ങൾ തന്നെ നടന്നു. സമ്മാനപ്പൊതികളും പൂക്കളും ആശംസകാർഡുകളുമായി കുട്ടികൾ അധ്യാപകരെ വരവേൽക്കുകയും, അവരോടുള്ള സ്നേഹവും ആദരവും പ്രകടമാക്കുകയും ചെയ്തു. പലരുടെയും ഫേയ്സ്ബുക്ക്, വാട്സ് ആപ്പ്, സമൂഹ മാധ്യമ അക്കൗണ്ടുകൾ പൂർവ വിദ്യാർഥികളുടെ ആശംസകൾ കൊണ്ട് നിറഞ്ഞു കവിയുകയുണ്ടായി. നമ്മുടെ വിദ്യാർഥികൾ നമ്മെ സ്നേഹത്തോടെ ഓർക്കുന്നു എന്നത് ഞങ്ങൾ അധ്യാപകരെ സംബന്ധിച്ചിടത്തോളം അത്ര ചെറിയ കാര്യമൊന്നുമല്ല, വലിയ കാര്യം തന്നെയാണ്. കാരണം ഒരധ്യാപകന്റെ ഏറ്റവും വലിയ സമ്പത്ത് ശിഷ്യ സമ്പത്ത് തന്നെയാണ്. കുട്ടികൾക്ക് അറിവു പകരുന്നതോടൊപ്പം സാമൂഹ്യ മാറ്റത്തിന്റെ ചാലകമാകാനും ഒരാൾക്കു സാധിക്കുമ്പോഴാണ് അയാൾ മികച്ച അധ്യാപകനാകുന്നത്. വിദ്യാർഥികളെ ഹൃദയത്തോടു ചേർത്തു പിടിച്ച് ശിക്ഷയെക്കാൾ ഉപരിയായി ശിക്ഷണം കൊണ്ട് കുട്ടികളെ നേടാൻ സാധിക്കണം.





ആർഷഭാരതത്തിന് ഗുരുവിനെ ആദരിക്കുകയും പൂജിക്കുകയും ചെയ്ത ഭൂതകാല സ്മൃതികൾ അയവിറക്കാനുണ്ട്. ഗുരുശിഷ്യബന്ധം ഉജ്ജ്വലമായി തിളങ്ങി നിന്ന ഒരു സുവർണ കാലഘട്ടം. അജ്ഞാതമാകുന്ന അന്ധകാരത്തെ മാറ്റുന്ന വിളക്കുമരങ്ങളായിരുന്നു നമ്മുടെ ഗുരുഭൂതൻമാർ. പവിത്രമായ ഗുരുശിഷ്യബന്ധത്തിന് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം അറിവു തേടുന്ന ഒരു പ്രക്രിയ മാത്രമായി തീർന്നിരിക്കുന്നു. കലാലയങ്ങൾ കലാപശാലകളായി മാറിക്കൊണ്ടിരിക്കുന്നു. ആധുനിക മാധ്യമങ്ങളുടെ വലയത്തിലകപ്പെട്ട് കുട്ടികൾ ചരടു പൊട്ടിയ പട്ടം പോലെ ആയിത്തീർന്നിരിക്കുന്നു.



സോഷ്യൽമീഡിയയിലെ ചാറ്റിങ്ങുമായി പാതിരാത്രിക്കു ശേഷവും കഴിഞ്ഞുകൂടുന്ന കുട്ടികൾ ഉറക്കച്ചടവാർന്ന മുഖങ്ങളുമായി ക്ലാസ്സ്മുറികളിലിരിക്കുന്നത് മുഷിപ്പിക്കുന്ന കാഴ്ച തന്നെയാണ്. ഇവരുടെ ഈ അധ:പതനം കണ്ടുകൊണ്ടിരിക്കാൻ നമുക്കൊക്കെ നല്ല പ്രയാസമുണ്ട്. ഈ അധ്യാപക ദിനത്തിൽ ഓരോ അധ്യാപകനും മനസ്സിരുത്തി ചിന്തിക്കേണ്ടതും ഇതു തന്നെയാണ്. അധ്യാപനത്തെ കാശിനുവേണ്ടിയുള്ള ഒരു തൊഴിലായി തരം താഴ്ത്താതെ ശ്രേഷ്ഠമായ ഒരു ജീവിതചര്യയായി നാം ഉയർത്തിയെടുക്കണം. വിദ്യാർഥികളെ സ്വന്തം മക്കളെപ്പോലെ സ്നേഹിക്കാനും അവരുടെ ഹൃദയത്തിലേയ്ക്കിറങ്ങിച്ചെല്ലാനും കഴിയണം. കുട്ടികളുടെ അതിരുവിട്ട പെരുമാറ്റം പലപ്പോഴും അരോചകവും മര്യാദയുടെ അതിരുകൾ ലംഘിക്കുന്നതുമാകാം. അപ്പോഴൊക്കെ സഹിഷ്ണുതയോടെ അവരെ കേൾക്കാനും അംഗീകരിക്കാനും സാധിക്കണം. ന്യായമായ കൊച്ചു കൊച്ചാവശ്യങ്ങളെ അടിച്ചമർത്താതെ വകവച്ചു കൊടുക്കാനുള്ള വകതിരിവാണ് നമുക്കുണ്ടാകേണ്ടത്. സമൂഹത്തിലെ കാതലായ മൂല്യങ്ങളുടെ കാവൽക്കാരും വക്താക്കളും ആയിത്തീരാൻ അധ്യാപകർക്കു കടമയുണ്ട്. നമ്മുടെ കുട്ടികൾ മൂല്യബോധമില്ലാത്തവരും അരക്ഷിതരും ആയിത്തീർന്നതിൽ സമൂഹത്തിനും സർക്കാരിനും വലിയ പങ്കുണ്ട്. കുട്ടികളെ തിരുത്തേണ്ടി വരുന്ന അവസരങ്ങളിൽ ശിക്ഷണത്തോടൊപ്പം ശിക്ഷകളും കൊടുക്കേണ്ട അവസരങ്ങൾ വിരളമായെങ്കിലും വന്നു ചേരാറുണ്ട്. അതിനെ അംഗീകരിക്കാനും അധ്യാപകർക്ക് ഒരു മിനിമം സ്വാതന്ത്ര്യമെങ്കിലും കൊടുക്കാനും സമൂഹത്തിനു സാധിക്കണം. (കഠിനമായ ദണ്ഡനമുറകളേപ്പറ്റിയല്ല പരാമർശിക്കുന്നത്) കുട്ടികളുടെ മനസ്സിലെ ആർദ്രതയും നന്മയും ഒന്നും നഷ്ടപ്പെട്ടുപോയിട്ടില്ല. അതു വളർത്തിയെടുക്കാൻ നമ്മുടെ സമയോചിതമായ ഇടപെടലിലൂടെ സാധിക്കണം.

ഭാവി തലമുറയെ രൂപപ്പെടുത്തിയെടുക്കാനുള്ള ഭാരിച്ച ഉത്തരവാദിത്വമാണ് ഓരോ അധ്യാപകനുമുള്ളത്. നല്ല റോൾ മോഡലുകളായി മാറാൻ നാം മടിച്ചു നിൽക്കരുത്. നീതിബോധവും ധാർമികതയും ചേർന്ന ആത്മീയ ഔന്നത്യത്തിലേയ്ക്ക് നാം ഉയരണം. എത്ര നിലം പറ്റിക്കിടക്കുന്ന കരിയിലകളേയും നമ്മുടെ ഒരു വാക്കുകൊണ്ടും, സ്നേഹസ്പർശം കൊണ്ട് സമയോചിതമായ ഇടപെടൽകൊണ്ട് മാനംമുട്ടെ പറത്തി വിടാൻ സാധിച്ചാൽ ഡോക്ടർ എസ്. രാധാകൃഷ്ണൻ എന്ന വലിയ അധ്യാപകനെപ്പോലെ നാമും സ്വീകാര്യരാകും എന്നതിൽ തർക്കമില്ല.




## ഫുട്ട്സ്റ്റെപ്പ്സ് എമിനൻസ് അവാർഡ്

വിശിഷ്ടസേവനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകനും നേതൃത്വപാടവത്തിനും സംഘാടകമികവിനും മികച്ച പ്രിൻസിപ്പലിനുമാണ് അവാർഡു നൽകുന്നത്. ഇവയ്ക്കുള്ള നോമിനേഷനുകൾ ഫുട്ട്സ്റ്റെപ്പ്സ് ക്ഷണിക്കുന്നു. അധ്യാപക അവാർഡിനുവേണ്ടി സഹപ്രവർത്തകനോ വിദ്യാർഥിയ്ക്കോ നോമിനേഷൻ സമർപ്പിക്കാവുന്നതാണ്. ബെസ്റ്റ് പ്രിൻസിപ്പൽ അവാർഡിന് പ്രിൻസിപ്പലിന്റെ കീഴിലുള്ള ഒരധ്യാപകന് നോമിനേഷൻ നൽകാം. ഫുട്ട്സ്റ്റെപ്പ്സിന്റെ പ്രത്യേകസമിതി ഇവരെ തെരഞ്ഞെടുത്ത് നിശ്ചിത ദിവസം അവാർഡും പ്രശസ്തി പത്രവും നൽകുന്നതാണ്.

നോമിനേഷൻ നൽകേണ്ട അവസാന തീയതി: 10/10/2018

താഴെ കാണുന്ന അഡ്രസ്സിൽ ബന്ധപ്പെടുക:

ഫുട്ട്സ്റ്റെപ്പ്സ്, ചുങ്കം, വെസ്റ്റ്ഹിൽ, കോഴിക്കോട് 673005

Mob: 8078000111, 0495 2385500




Printed Published and Edited by Shibu Joseph Kottayil, Villa No.21, Dream Valley Villa, Thottil Peedika Road, Chevarambalam P.O, Chevayur, Calicut, Kerala – 673017. Printed at Redstar Printers and Publishers, 4/551, Joseph Road, Calicut, Kerala – 673032. Place of publication : Blessed Chavara Building, Chungam, West Hill P.O, Calicut, Kerala 673005.